2024 NOVEMBER
14
THURSDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# എയർ ഇന്ത്യ വിസ്താര ലയനം പൂർത്തിയായി

**കൊച്ചി :** എയർ ഇന്ത്യയും വിസ്താരയും തമ്മിലുള്ള പ്രവർത്തന സംയോജനവും നിയമപരമായ ലയനവും പൂർത്തിയാക്കി. ഒക്ടോബർ 1ന് ഗ്രൂപ്പിൻറെ ലോ കോസ്റ്റ് എയർലൈനുകളായ എയർ ഇന്ത്യ എക്സ്പ്രസ്, എഐഎക്സ് കണക്റ്റ് (മുമ്പ് എയർ ഏഷ്യ ഇന്ത്യ) എന്നിവയുടെ ലയനം പൂർത്തിയായിരുന്നു.ഏകീകൃത എയർ ഇന്ത്യ ഗ്രൂപ്പ് ഇപ്പോൾ 300 വിമാനങ്ങളുമായി നൂറിലധികം ആഭ്യന്തര, അന്തർദ്ദേശീയ ലക്ഷ്യസ്ഥാനങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് 312 റൂട്ടുകളിലായി ആഴ്ചയിൽ 8,300 ലധികം സർവീസുകൾ നടത്തും.പുതിയ ഫുൾ സർവീസ് എയർലൈനായ എയർ ഇന്ത്യ 208 വിമാനങ്ങളുമായി 90 ലധികം ആഭ്യന്തര, അന്തർദ്ദേശീയ ലക്ഷ്യസ്ഥാനങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ആഴ്ചയിൽ 5,600 ലധികം സർവീസുകൾ നടത്തും. എയർലൈനിന് പ്രതിദിനം 120,000ത്തിലധികം യാത്രക്കാരുണ്ടാകും. കൂടാതെ 75ലധികം കോഡ്ഷെയർ, ഇൻറർലൈൻ പങ്കാളികൾ വഴി ലോകത്തെമ്പാടുമായുള്ള 800 ലധികം ലക്ഷ്യസ്ഥാനങ്ങളിലേക്ക് വിപുലമായ കണക്റ്റിവിറ്റി ലഭ്യമാക്കാനും കഴിയും.പൂർണ്ണ സേവന ലയനത്തിനുള്ള തയ്യാറെടുപ്പ് രണ്ട് വർഷം മുമ്പ് തന്നെ ആരംഭിച്ചിരുന്നു. വിസ്താരയിൽ നിന്ന് 6,000ത്തിലധികം ജീവനക്കാരെ പുതിയ ഓർഗനൈസേഷൻ ഘടനയിലേക്ക് ചേർത്തു. 4,000 ലധികം വെണ്ടർ കരാറുകൾ ഏകീകരിക്കുകയും 270,000 ഉപഭോക്തൃ ബുക്കിംഗുകൾ മൈഗ്രേറ്റ് ചെയ്യുകയും 4.5 ദശലക്ഷം ക്ലബ് വിസ്താര ഫ്രീക്വൻറ് ഫ്ലൈയർ അക്കൗണ്ടുകൾ എയർ ഇന്ത്യയുടെ പുനർരൂപകൽപ്പന ചെയ്ത ഫ്രീക്വൻറ് ഫ്ലൈയർ പ്രോഗ്രാമായ മഹാരാജ ക്ലബിൽ ഉൾപ്പെടുത്തുകയും ചെയ്തു.വിസ്താരയിൽ 49 ശതമാനം ഓഹരി കൈവശം വച്ചിരുന്ന സിംഗപ്പൂർ എയർലൈൻസ്, ലയനത്തെ തുടർന്ന് എയർ ഇന്ത്യ ഗ്രൂപ്പിൽ 25.1 ശതമാനം ഓഹരികളുടെ ഉടമയായി മാറും.എയർ ഇന്ത്യയുടെയും വിസ്താരയുടെയും ലയനം എയർ ഇന്ത്യ ഗ്രൂപ്പിൻറെ സ്വകാര്യവൽക്കരണാനന്തര പരിവർത്തന യാത്രയുടെ ഏകീകരണവും പുനർനിർമ്മാണ ഘട്ടവും പൂർത്തിയാക്കുന്നുവെന്നും അതിനാൽ ഇത് ഒരു സുപ്രധാന നാഴികക്കല്ലാണെന്നും എയർ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ കാംബെൽ വിൽസൺ പറഞ്ഞു. കഴിഞ്ഞ രണ്ട് വർഷമായി, ആളുകൾ, ആസ്തികൾ, പ്രവർത്തനങ്ങൾ, ഏറ്റവും പ്രധാനമായി, ഉപഭോക്താക്കൾ എന്നിവയുടെ പരിവർത്തനം കഴിയുന്നത്ര തടസ്സരഹിതമാണെന്ന് ഉറപ്പാക്കാൻ നാല് എയർലൈനുകളിലുടനീളമുള്ള ടീമുകൾ ഒരുമിച്ചും മറ്റ് പങ്കാളികളുമായും ചേർന്ന് പ്രവർത്തിച്ചിട്ടുണ്ട്. സമഗ്രമായ പരിവർത്തനത്തിന് നേതൃത്വം നൽകുകയും നൂറിലധികം അധിക വിമാനങ്ങൾ ഓപ്പറേറ്റിംഗ് ഫ്ലീറ്റിലേക്ക് ചേർക്കാൻ പിന്തുണയ്ക്കുകയും ചെയ്ത ഞങ്ങളുടെ സ്റ്റാഫിന് നന്ദി പറയാൻ ആഗ്രഹിക്കുന്നു. ഞങ്ങളുടെ ഉപഭോക്താക്കളുടെ പിന്തുണയ്ക്കും പ്രോത്സാഹനത്തിനും ആത്മാർത്ഥമായ അഭിനന്ദനം അറിയിക്കുന്നു. ഒപ്പം ഒരു ഇന്ത്യൻ ഹൃദയമുള്ള ലോകോത്തര ആഗോള എയർലൈൻ സൃഷ്ടിക്കുന്നതിനുള്ള ഞങ്ങളുടെ പ്രതിബദ്ധത ഊന്നിപ്പറയുന്നുവെന്നും അദ്ദേഹം പറഞ്ഞു.ഏകീകൃത ഫുൾ സർവീസ് എയർലൈൻ എയർ ഇന്ത്യ എന്ന പേരിൽ 'എഐ' എന്ന എയർലൈൻ കോഡ് ഉപയോഗിച്ച് സർവീസ് നടത്തും. ലയനത്തിന് ശേഷം വിസ്താര വിമാനങ്ങൾ വിസ്താര ക്രൂവും സേവനങ്ങളുമായി എയർ ഇന്ത്യ പ്രവർത്തിപ്പിക്കും. വിസ്താര വിമാനങ്ങൾ '2' എന്ന അക്കത്തിൽ ആരംഭിക്കുന്ന നാല് അക്ക ഫ്ലൈറ്റ് നമ്പർ ഉപയോഗിച്ച് തിരിച്ചറിയാൻ കഴിയും (ഉദാഹരണത്തിന് യുകെ 955 എഐ 2955 ആയി മാറും).




## സ്വാമി ചാറ്റ് ബോട്ട്:ലോഗോ അനാവരണം ചെയ്തു

**തിരുവനന്തപുരം:** ശബരിമല ക്ഷേത്രത്തിലേക്കുള്ള തീർത്ഥാടന അനുഭവം വർധിപ്പിക്കുന്നതിനായി ജില്ലാ ഭരണ സംവിധാനം നിർമ്മിക്കുന്ന "സ്വാമി ചാറ്റ് ബോട്ട് " എ.ഐ അസ്സിസ്റ്റന്റിന്റെ ലോഗോ അനാവരണം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. സ്മാർട്ട് ഫോൺ ഇന്റർഫേസിലൂടെ അക്സസ് ചെയ്യാവുന്ന സ്വാമി ചാറ്റ് ബോട്ട് ഇംഗ്ലീഷ്, ഹിന്ദി, മലയാളം, തെലുങ്ക്, തമിഴ്, കന്നഡ തുടങ്ങി ആറു ഭാഷകളിൽ സമഗ്ര സേവനം ഉറപ്പ് വരുത്തുന്നു. നടതുറപ്പ്, പൂജാസമയം തുടങ്ങിയ ക്ഷേത്ര കാര്യങ്ങളും വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും ഭക്തർക്ക് ഇതിലൂടെ ലഭ്യമാകും.പോലീസ്, വനം തുടങ്ങിയ പ്രധാന വിഭാഗങ്ങളുടെ സേവനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്ന സ്വാമി ചാറ്റ് ബോട്ടിലൂടെ അപകട രഹിതവും കൃത്യവുമായ തീർത്ഥാടന അനുഭവം ഭക്തർക്ക് ഉറപ്പ് വരുത്താനാകും. ആധുനികമായ ഈ ഡിജിറ്റൽ സംവിധാനത്തിന്റെ പ്രവർത്തനത്തിലൂടെ ശബരിമല യാത്ര കൂടുതൽ സൗകര്യപ്രദവും സുരക്ഷിതവുമാക്കി സേവനങ്ങൾ ഭക്തർക്ക് എത്രയും വേഗം എത്തിക്കാനാവുമെന്ന് ജില്ലാ ഭരണകൂടം വ്യക്തമാക്കി. മുത്തൂറ്റ് ഗ്രൂപ്പിന്റെ സഹകരണത്തോടെയാണ് സംവിധാനം ഒരുക്കിയത്.ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി എസ് കാർത്തികേയൻ, ദേവസ്വം ബോർഡ് സെക്രട്ടറി ടി വി അനുപമ, തിരുവല്ല സബ് കളക്ടർ സുമിത് കുമാർ താക്കൂർ, പത്തനംതിട്ട കളക്ടർ പ്രേം കൃഷ്ണൻ എസ്, മൂത്തൂറ്റ് ചീഫ് മാനേജർ സുബ്രഹ്മണ്യൻ എസ്, ടെക്നിക്കൽ സപ്പോർട്ട് ബ്ലസൻ കുര്യൻ തോമസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## സംസ്ഥാനസ്കൂൾ ശാസ്ത്രോത്സവം നാളെ മുതൽ

**തിരുവനന്തപുരം:** കേരള സ്കൂൾ ശാസ്ത്രോത്സവവും വൊക്കേഷണൽ എക്സ്പോയും നാളെ ആലപ്പുഴ സെന്റ് ജോസഫ് എച്ച് എസ് എസിൽ വൈകിട്ട് നാലിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിക്കും. മന്ത്രി സജി ചെറിയാൻ, മന്ത്രി പി പ്രസാദ് എന്നിവർ വിശിഷ്ടാതിഥികളാവും. നവംബർ 15 മുതൽ 18 വരെ നഗരത്തിലെ അഞ്ച് സ്കൂളുകളിലായാണ് ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നത്. ലിയോതേർട്ടീന്ത് ഹൈസ്കൂൾ, ലജ്നത്തുൽ മുഹമ്മദീയ ഹയർ സെക്കൻഡറി സ്കൂൾ, സെന്റ് ജോസഫ് ഹൈസ്കൂൾ, എസ്.ഡി.വി.ബോയ്സ്, ഗേൾസ് എന്നീ സ്കൂളുകളിലെ പ്രത്യേകം സജ്ജമാക്കിയ വേദികളിലാണ് മേള നടക്കുന്നത്. പ്രധാന വേദിയായ സെന്റ് ജോസഫ് ഹൈസ്കൂളിൽ സാമൂഹികശാസ്ത്ര, ഐടി മേളകളും, ലിയോ തേർട്ടീന്ത് സ്കൂളിൽ ശാസ്ത്രമേളയും, ലജ്നത്തുൽ മുഹമ്മദീയ ഹൈസ്കൂളിൽഗണിതശാസ്ത്രമേളയും, എസ്.ഡി.വി.ബോയ്സ്, ഗേൾസ് സ്കൂളുകളിൽ പ്രവൃത്തിപരിചയമേളയുമാണ് നടക്കുന്നത്. പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ. ജീവൻ ബാബു നവംബർ 15 ന് രാവിലെ ഒമ്പതു മണിക്ക് പതാക ഉയർത്തുന്നതോടെ മേളക്ക് തുടക്കമാകും. രാവിലെ 10 മുതൽ സെന്റ് ജോസഫ് എച്ച് എസ് എസിൽ രജിസ്ട്രേഷൻ ആരംഭിക്കും. ഇത്തവണ മുതൽ സംസ്ഥാനസ്കൂൾ ശാസ്ത്രോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് എജ്യുക്കേഷൻ മിനിസ്റ്റേഴ്സ് ട്രോഫി ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്നുള്ള 5,000 ത്തോളം വിദ്യാർഥികൾ 180 ഓളം ഇനങ്ങളിലായി പങ്കെടുക്കും.




## വിജ്ഞാനകേരളം: വാർഡ് അടിസ്ഥാനത്തിൽ റിസോഴ്സ് പേഴ്സൺമാരെ നിയോഗിക്കുന്നു

**തിരുവനന്തപുരം:** കേരള നോളെജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ചുകൊണ്ട് വിജ്ഞാന കേരളം പദ്ധതി 2025 ജനുവരി 1 മുതൽ നടപ്പിലാക്കുന്നു. ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതി കേരളത്തിന്റെ വിജ്ഞാന സമൂഹത്തിലേക്കുള്ള ചുവടുവയ്പ്പിന് ഏറെ സഹായകരമാകും.

പദ്ധതി പങ്കാളിത്താധിഷ്ഠിതവും സന്നദ്ധപ്രവർത്തന കേന്ദ്രിതവുമാക്കുന്നതിന്റെ ഭാഗമായി എല്ലാ വാർഡുകളിലും ബിരുദവും സാമൂഹ്യ പ്രവർത്തന പരിചയവുമുള്ള റിസോഴ്സ്പേഴ്സൺമാരെ നിയോഗിക്കും. നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള ജോബ്സ്റ്റേഷൻ കേന്ദ്രീകരിച്ചായിരിക്കും പ്രവർത്തനം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷൻ ചെയർപേഴ്സണും റിസോഴ്സ് പേഴ്സൺ കൺവീനറുമായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സമിതിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

ജില്ലയിൽ നിന്നും തിരഞ്ഞെടുക്കുന്ന 10 മാസ്റ്റർ ട്രെയിനർമാർ റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകും. കിലയുടെ ആഭിമുഖ്യത്തിൽ മാസ്റ്റർ ട്രെയിനർമാർക്കുള്ള പരിശീലനം നവംബർ മാസത്തിലും റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം ഡിസംബർ മാസത്തിലും നൽകും. സന്നദ്ധ പ്രവർത്തകരാകാൻ താല്പര്യമുള്ളവർക്ക് 87146 11480 എന്ന വാട്സാപ്പ് നമ്പറിൽ ബന്ധപ്പെടാം.

## ദീർഘകാല അവധി: മെഡി. കോളജുകളിലെ 84 നഴ്സുമാരെ പിരിച്ചുവിടുന്നു

**തിരുവനന്തപുരം:** മെഡിക്കൽ കോളജ് ആശുപത്രികളിൽ ദീർഘകാലമായി അവധിയിൽ തുടരുന്ന 84 നഴ്സുമാരെ പിരിച്ചുവിടാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് നടപടി ആരംഭിച്ചു. അച്ചടക്ക നടപടി നോട്ടീസ് പ്രസിദ്ധീകരിച്ചു. ജോലിയിൽ പ്രവേശിക്കാൻ താൽപര്യമുള്ളവർക്കു 15 ദിവസത്തിനകം മറുപടി നൽകാം.

2010 ജനുവരി 6 മുതൽ ഈ വർഷം മാർച്ച് 23വരെ വിവിധ കാലങ്ങളിൽ സർവീസിൽ ചേർന്നവരാണ് ഇക്കൂട്ടത്തിലുള്ളത്. കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ മാത്രം 35 പേരുണ്ട്.

നഴ്സിങ് ജോലിക്കിടെ ലഭിക്കുന്ന 5 വർഷത്തെ അവധി എടുത്ത് വിദേശത്തു പോകുന്നവർ തിരികെ ജോലിയിൽ പ്രവേശിക്കുന്നില്ല. വിദേശത്തു ജോലി ചെയ്യവെ പിഎസ്‌സി വഴി ജോലി ലഭിക്കുന്ന പലരും ചെറിയൊരു കാലയളവിലെ അവധിയിൽ എത്തി ജോലിക്കു ചേർന്ന് വിദേശത്തേക്കു മടങ്ങുന്നതും പതിവ്. അനധികൃത അവധി മൂലം രോഗികൾക്കു പരിചരണവും ഉദ്യോഗാർഥികൾക്ക് അവസരവും നിഷേധിക്കപ്പെടുകയാണ്.

## മെഡിക്കൽ ഓഫീസർ കൂടിക്കാഴ്ച 19 ന്

**കുന്ദമംഗലം:** കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ നിയന്ത്രണത്തിലുള്ള ചെറൂപ്പയിലെ എംസിഎച്ച് യൂണിറ്റിലേക്ക് മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് താൽകാലിക നിയമനം നടത്തുന്നു. കൂടികാഴ്ച നവംബർ 19 ന് രാവിലെ 10.30ന് കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ. യോഗ്യത: എംബിബിഎസ്, ടിസിഎംസി രജിസ്ട്രേഷൻ. യോഗ്യത, വിലാസം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ, പകർപ്പ് എന്നിവ സഹിതം കൂടികാഴ്ചക്ക് എത്തണം. ഫോൺ: 04952800286.

# യുവാക്കൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം ഉറപ്പാക്കണം; മന്ത്രി പി പ്രസാദ്

### നൈപുണ്യ പരിശീലന ദാതാക്കളുടെ ഉച്ചകോടി മന്ത്രി ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം** കേരളത്തിലെ യുവജനതക്ക് മത്സരാധിഷ്ഠിതമായ ലോകത്തിൽ മുൻനിരയിലെത്താൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം ഉറപ്പാക്കണമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു.ജില്ലയുടെ നൈപുണ്യ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച നൈപുണ്യ പരിശീലന സ്ഥാപനങ്ങളുടെ ഉച്ചകോടി ആലപ്പുഴ ഹവേലി ബാക്ക്‌വാട്ടർ റിസോർട്ടിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ലോകം അനുദിനം മാറികൊണ്ടിരിക്കുകയാണെന്നും ഇതിനനുസരിച്ച് നമ്മുടെ യുവാക്കളെ മാറ്റിയെടുക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

പി.പി ചിത്തരഞ്ജൻ എം എൽ എ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ അലക്സ് വർഗ്ഗീസ്, സംസ്ഥാന നൈപുണ്യ വികസന മിഷൻ(കെയ്സ്) മാനേജിങ് ഡയറക്ടർ സൂഫിയാൻ അഹമ്മദ്, സബ് കളക്ടർ സമീർ കിഷൻ, ജില്ലാ പ്ലാനിംഗ് ഓഫീസർ ലിറ്റി മാത്യു, കെയ്സ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ടി വി വിനോദ്, എം മാലിൻ, സുബിൻദാസ്, ആർ അനൂപ്, ആർ കെ ലക്ഷ്മിപ്രിയ എന്നിവർ സംസാരിച്ചു.

ജില്ലാ നൈപുണ്യ സമിതിയും സംസ്ഥാന നൈപുണ്യ വികസന മിഷനും ജില്ലാ ഭരണകൂടവും സംയുക്തമായിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. 146 നൈപുണ്യ പരിശീലന സ്ഥാപനങ്ങളാണ് ഉച്ചകോടിയിൽ പങ്കെടുത്തത്.

ജില്ലയുടെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ നൈപുണ്യ പരിശീലന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ചെറുതും വലുതുമായ എല്ലാ പൊതു സ്വകാര്യ നൈപുണ്യ പരിശീലന സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് ഉച്ചകോടി നടന്നത്. സംസ്ഥാനത്ത് ഇതുവരെ ഏഴു ജില്ലകളിൽ നൈപുണ്യ പരിശീലന ദാതാക്കളുടെ ഉച്ചകോടി പൂർത്തിയായിട്ടുണ്ട്. ബാക്കി ജില്ലകളിൽ കൂടി പൂർത്തിയാകുമ്പോൾ സംസ്ഥാനം നൈപുണ്യ വികസന പ്രവർത്തനങ്ങളിൽ വലിയ മുന്നേറ്റത്തിനാകും സാക്ഷ്യം വഹിക്കുക.



## മാട്ടുപ്പെട്ടി ജലാശയം പരിസ്ഥിതിലോല മേഖല

**തിരുവനന്തപുരം:** സീ പ്ലെയ്ൻ പറന്നിറങ്ങിയ മാട്ടുപ്പെട്ടി അണക്കെട്ടിലെ ജലാശയം ഉൾപ്പെടുന്നത് പരിസ്ഥിതിലോല മേഖലയിൽ (ഇഎസ്എ). സീ പ്ലെയ്ൻ സർവീസ് നടത്തിയാൽ മനുഷ്യ വന്യജീവി സംഘർഷത്തിനു കാരണമാകുമെന്നും സംഘർഷം ലഘൂകരിക്കാൻ ദേശീയ വന്യജീവി ബോർഡിന്റെ അംഗീകാരത്തോടെ പ്രത്യേക പദ്ധതി തയാറാക്കണമെന്നും വനം വകുപ്പിന്റെ റിപ്പോർട്ടിൽ പറയുന്നു.

സീ പ്ലെയ്നിന്റെ പരീക്ഷണപ്പറക്കലുമായി ബന്ധപ്പെട്ടു വെള്ളിയാഴ്ച ജില്ലാ ഭരണകൂടം വനം വകുപ്പിന് കത്തയച്ചിരുന്നു. ഇതിനുള്ള മറുപടിയിലാണ് പരിസ്ഥിതിലോല മേഖലയിൽപ്പെടുന്ന പ്രദേശമാണു മാട്ടുപ്പെട്ടി അണക്കെട്ടിലെ വൃഷ്ടി പ്രദേശമെന്നു വനം വകുപ്പ് ചൂണ്ടിക്കാട്ടിയത്.

ആനമുടിച്ചോല ദേശീയ പാർക്ക്, പാമ്പാടുംചോല ദേശീയ പാർക്ക്, കുറിഞ്ഞിമല സങ്കേതം എന്നിവ ഉൾപ്പെട്ട പ്രദേശമാണ് മാട്ടുപ്പെട്ടി അണക്കെട്ടിന്റെ വൃഷ്ടിപ്രദേശം. വംശനാശം നേരിടുന്ന അപൂർവ ജീവികൾ ഉൾപ്പെടുന്ന പ്രദേശമാണ് ഇവിടം.

വന്യജീവി നിയമത്തിലെ ഷെഡ്യൂൾ ഒന്നിൽ ഉൾപ്പെട്ട കാട്ടാനകൾ ജലസംഭരണിയിലൂടെ തുടർച്ചയായി കടന്നുപോകുന്നതു റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വനം വകുപ്പിന്റെ റിപ്പോർട്ടിൽ പറയുന്നു.

# രണ്ട് മിനി ഐടി പാർക്കുകൾ കൂടി കൊട്ടാരക്കരയിലേക്ക്

**കൊട്ടാരക്കര:** ആധുനിക സൗകര്യങ്ങളോടെ രണ്ട് മിനി ഐടി പാർക്കുകൾ കൂടി കൊട്ടാരക്കരയിലേക്ക്. പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതായി മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. ഐടി,അനുബന്ധ മേഖലയിൽ 500 പ്രഫഷനലുകൾക്ക് ആദ്യഘട്ടത്തിൽ ജോലി ലഭിക്കും. ഐടി കമ്പനിയായ സോഹോ കോർപറേഷന്റെ ഇന്ത്യയിലെ രണ്ടാമത്തെ ക്യാംപസ് നെടുവത്തൂർ പഞ്ചായത്തിൽ അഞ്ചുമാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കും. പ്രാരംഭ ഘട്ടത്തിൽ 250 പേർക്ക് ഇവിടെ ജോലി ലഭിക്കും. ഐടി ക്യാംപസിന് ആവശ്യമായ ഭൂമിയും കെട്ടിടവും അടക്കം സോഹോ കോർപറേഷന് ലഭിച്ചു. ഐഎച്ച്ആർഡി എൻജിനീയറിങ് കോളജ് ക്യാംപസിൽ സോഹോ കോർപറേഷൻ ലീപ് സെന്ററിലെ ട്രെയിനികളോട് സംവദിക്കുകയായിരുന്നു മന്ത്രി. സംസ്ഥാന സർക്കാരിന്റെ വർക്ക് നിയർ ഹോം പദ്ധതിയിലെ ആദ്യ വർക്ക് സ്റ്റേഷൻ കൊട്ടാരക്കരയിൽ ആരംഭിക്കും.

12,000 ചതുരശ്ര അടി വിസ്തീർണത്തിൽ മിനി ഐടി പാർക്കിന്റെ പ്രവർത്തനങ്ങൾ അടുത്ത ആഴ്ചയിൽ തുടങ്ങും. വീടിനടുത്ത് എല്ലാവിധ സൗകര്യങ്ങളോടെ 250 ഐടി പ്രഫഷനലുകൾക്ക് ജോലി ചെയ്യാനാകും. കൊട്ടാരക്കര നഗരത്തിൽ ഡ്രോൺ റിസർച് പാർക്ക് സ്ഥാപിക്കുമെന്നും മന്ത്രി അറിയിച്ചു. കേരള അക്കാദമി ഓഫ് സ്കിൽ എക്സലൻസുമായി സഹകരിച്ചാണ് പാർക്ക് സ്ഥാപിക്കുക. ഇതുവഴി ഡ്രോൺ സാങ്കേതിക വിദ്യയുടെ പ്രയോജനം നാടിന് ഉറപ്പാക്കാനാകും. ഈ രംഗത്ത് പുതിയ ഗവേഷണ പ്രവർത്തനങ്ങൾക്കടക്കം പാർക്ക് നേതൃത്വം നൽകും. ചെന്നൈ ഐഐടിയുടെ സാങ്കേതിക സഹായവും ഡ്രോൺ പാർക്ക് സ്ഥാപനത്തിന് സഹായകമാകും. കൊട്ടാരക്കരയെ ഐടി, റിസർച് ആൻഡ് ഡവലപ്മെന്റ് ഹബ് ആക്കാൻ വിവിധ തരത്തിലുള്ള പദ്ധതികളാണ് മുന്നേറുന്നതെന്ന് മന്ത്രി പറഞ്ഞു. അസാപ് സിഇഒ അനൂപ് അംബിക, ലീപ് സെന്റർ പ്രോഗ്രാം മാനേജർ മഹേഷ് ബാലൻ, പ്രിൻസിപ്പൽ റിസർച്ചർ ഡോ. ജയരാജ് പോരൂർ, ഡവലപ്മെന്റൽ സൈക്കോളജിസ്റ്റ് ബാബു മാത്യു എന്നിവരും പങ്കെടുത്തു.

# ശബരിമല തീർഥാടനം : പോലീസ് സേന ഇന്ന് ചുമതലയേൽക്കും

**പത്തനംതിട്ട:** ശബരിമല മണ്ഡല, മകരവിളക്കു കാലത്തെ സുരക്ഷാ ജോലികൾക്കായുള്ള പോലീസ് സേനയുടെ ആദ്യസംഘം നാളെ ചുമതലയേൽക്കും. ഭക്തരുടെ സുഗമമായ ദർശനം, ട്രാഫിക് നിയന്ത്രണം, വാഹനപാർക്കിംഗ് തുടങ്ങിയവയുടെ ക്രമീകരണത്തിന് ആവശ്യമായ സേവനം ലഭ്യമാക്കുന്നത് ഉറപ്പാക്കിക്കഴിഞ്ഞതായി ജില്ലാ പോലീസ് മേധാവി വി.ജി. വിനോദ് കുമാർ അറിയിച്ചു.



സന്നിധാനത്ത് കൺട്രോൾ റൂം നാളെ പ്രവർത്തനസജ്ജമാകും. ഓരോ കമ്പനി ആർഎഎഫ്, എൻഡിആർഎഫ് സേനാംഗങ്ങളും ഡ്യൂട്ടിക്കെത്തും. ഇവരെ സന്നിധാനം, പമ്പ എന്നിവടങ്ങളിലായി നിയോഗിക്കും. പോലീസ് ഉദ്യോഗസ്ഥരുടെ ആദ്യ സംഘം നാളെ ഉച്ചയ്ക്ക് ചുമതലയേൽക്കും. എസ്പി റാങ്കിലുള്ള ഉദ്യോഗസ്ഥർ സ്പെഷൽ ഓഫീസർമാരായി സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ചുമതലയിലുണ്ടാകും.

ആദ്യഘട്ടത്തിലെ സന്നിധാനം സ്പെഷൽ ഓഫീസറായി എറണാകുളം റേഞ്ച് സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം എസ്പി കെ.ഇ.ബൈജുവിനെ നിയമിച്ചിട്ടുണ്ട്. പമ്പ എസ്ഒ ആയി സ്പെഷൽ ഓപ്പറേഷൻസ് ഗ്രൂപ്പ് എസ്പി ടി.ഫെറാഷും നിലയ്ക്കലിൽ പത്തനംതിട്ട ക്രൈം ബ്രാഞ്ച് എസ്പി എസ്.സുരേഷ് കുമാറും ( സീനിയർ )നിയമിതരായിട്ടുണ്ട്.

ശബരിമല മണ്ഡല, മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ട് സന്നിധാനം, നിലയ്ക്കൽ, വടശേരിക്കര എന്നിവിടങ്ങളിൽ താത്കാലിക പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ഇന്നാരംഭിക്കും. 2025 ജനുവരി 20 വരെ ഇവ പ്രവർത്തിക്കും. മൂന്നിടങ്ങളിലേക്കും ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചു കഴിഞ്ഞതായിജില്ലാ പോലീസ് മേധാവി പറഞ്ഞു.

സുഗമമായ ദർശനം, മികച്ച ഗതാഗത നിയന്ത്രണം, ക്രമസമാധാന പരിപാലനം തുടങ്ങിയ കാര്യങ്ങളിൽ പോലീസ് സേവനം കാര്യക്ഷമമായി തുടരും. ഇന്നു മുതൽ ഡിസംബർ 17 വരെയുള്ള ആദ്യഘട്ടത്തിലേക്കുള്ള പോലീസ് ഉദ്യോഗസ്ഥരെയാണ് താത്കാലിക പോലീസ് സ്റ്റേഷനുകളിലേക്ക് ഇപ്പോൾ നിയമിച്ചിരിക്കുന്നത്.

മൂന്നിടങ്ങളിലെയും എസ്എച്ച്ഒമാർക്ക് ഇന്നു മുതൽ ഡിസംബർ രണ്ടു വരെയുള്ള 20 ദിവസത്തേക്കാണ് നിയമനം. സന്നിധാനത്ത് തിരുവല്ല എസ്ഐ അനൂപ് ചന്ദ്രനും നിലയ്ക്കലിൽ അടൂർ എസ്ഐ ബാലസുബ്രഹ്മണ്യനും വടശേരിക്കരയിൽ കൊടുമൺ എസ്ഐ വിപിൻ കുമാറും എസ്എച്ച് ഒമാരായി നിയമിക്കപ്പെട്ടിട്ടുണ്ട്. വിവിധ റാങ്കിലുള്ള 20 പോലീസുദ്യോഗസ്ഥരെ സന്നിധാനത്തും16 പേരെ നിലയ്ക്കലും 12 പേരെ വടശേരിക്കരയിലും നിയമിച്ചു.

ക്യൂ എം സ്റ്റോർ, ബോംബ് ഡീറ്റെക്ഷൻ സ്ക്വാഡ്, സിസിടിവി എന്നിവയിലേക്കും പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചതായും ജില്ലാ പോലീസ് മേധാവി അറിയിച്ചു.

സന്നിധാനം, പമ്പ, നിലയ്ക്കൽ, ശബരിമലയുമായി ബന്ധപ്പെട്ട മറ്റ് പരിസരപ്രദേശങ്ങൾ എന്നിവ ഉൾപ്പെടുത്തി പോലീസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും, കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, വേഗത്തിലുള്ള നടപടികൾ ഉദ്ദേശിച്ചുള്ള കൺട്രോൾ റൂം പത്തനംതിട്ട ജില്ലാ പോലീസ് ആസ്ഥാനത്ത് പ്രവർത്തനം തുടങ്ങി.

തീർഥാടനവുമായി ബന്ധപ്പെട്ട് പോലീസ് പ്രവർത്തനങ്ങളുടെ ഏകോപനവും അതിവേഗത്തിലുള്ള നടപടികളും ഉറപ്പാക്കുമെന്ന് ജില്ലാ പോലീസ് മേധാവി പറഞ്ഞു.

ശബരിമലയുമായി ബന്ധപ്പെട്ട പോലീസ് സേവനങ്ങൾക്കും സഹായങ്ങൾക്കും 14432 എന്ന പോലീസ് ഹെൽപ്ലൈൻ നമ്പരിൽ വിളിക്കാവുന്നതാണ്.

# മൂന്നര വർഷം കൊണ്ട് 3.25 ലക്ഷം സംരംഭങ്ങൾ സൃഷ്ടിച്ചു മന്ത്രി പി.രാജീവ്

**വൈക്കം:** സംരംഭകർക്ക് അനുകൂലമായ അന്തരീക്ഷമാണ് കേരളത്തിൽ നിലവിലുള്ളതെന്നും മൂന്നു വർഷവും ഏഴുമാസവും കൊണ്ട് 3.25 ലക്ഷം സംരംഭങ്ങൾ സൃഷ്ടിക്കാൻ ഈ സർക്കാരിന് കഴിഞ്ഞെന്ന് വ്യവസായ മന്ത്രി പി.രാജീവ്.



വൈക്കം ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിച്ച നിക്ഷേപ സംഗമത്തിന്റെ സമാപന സമ്മേളനം വൈക്കം വൈറ്റ് ഗേറ്റ് റെസിഡൻസി കൺവൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വൈക്കം ബ്ലോക്കിൽ ഒരു വാർഡിൽ ഒരു വീട്ടിൽ ഒരു സംരംഭമെന്ന നിലയിൽ സംരംഭങ്ങൾ തുടങ്ങാനാകണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വൈക്കം ബ്ളോക്ക് പഞ്ചായത്തിന്റെ ജെൻഡർ സ്റ്റാറ്റസ് പഠനറിപ്പോർട്ട് ഉന്നതി സി.കെ. ആശ എംഎൽഎയ്ക്കു നൽകി മന്ത്രി പി. രാജീവ് പ്രകാശനം ചെയ്തു. സി.കെ.ആശ എംഎൽഎ അധ്യക്ഷത വഹിച്ചു. കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ. ഗണേശൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. രഞ്ജിത്ത്, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ പി.എസ്. പുഷ്പമണി,

ഹൈമി ബോബി, നഗരസഭ ചെയർപേഴ്സൺ പ്രീത രാജേഷ്, വൈസ് ചെയർമാൻ പി.ടി.സുഭാഷ്, പഞ്ചായത്ത് പ്രസിഡന്റുമാരായ സുകന്യ സുകുമാരൻ, പി. പ്രീതി, പി.കെ. ആനന്ദവല്ലി, ശ്രീജി ഷാജി, കെ.ആർ. ഷൈലകുമാർ, രമേശ് പി. ദാസ്, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സുലോചന പ്രഭാകരൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ കെ.എസ്. ഗോപിനാഥൻ, സുജാത മധു എന്നിവർ പ്രസംഗിച്ചു. വ്യവസായടൂറിസം വകുപ്പുകളുടെ സഹകരണത്തോടെയാണ് നിക്ഷേപക സംഗമം സംഘടിപ്പിച്ചത്.

## കോട്ടയം റെയിൽവേ സ്റ്റേഷനിൽ രണ്ടാം കവാടം തുറന്നു

**കോട്ടയം:** നാഗമ്പടത്തിനുസമീപം റെയിൽവേ സ്റ്റേഷന്റെ രണ്ടാം കവാടം പൊതുജനങ്ങൾക്കു തുറന്നു നല്കി. ബുക്കിംഗ് കൗണ്ടർ, ലിഫ്റ്റ്, എസ്കലേറ്റർ എന്നിവ യാത്രക്കാർക്കു കൂടുതൽ സൗകര്യപ്രദമായി. ഇതോടെ അഞ്ച് പ്ലാറ്റ്ഫോമുകളെയും ബന്ധിപ്പിക്കുന്ന ഫുട് ഓവർ ബ്രിഡ്ജ് സൗകര്യവും ലഭ്യമായി. നീണ്ട കാത്തിരിപ്പിനൊടുവിലാണ് രണ്ടാം കവാടം യാഥാർഥ്യമായത്. രണ്ടാം കവാടത്തിൽ പാർക്കിംഗ് സൗകര്യമുള്ളത് ഒന്നാം കവാടത്തിലെ തിരക്ക് കുറയ്ക്കും.

റിസർവേഷൻ ടിക്കറ്റ് കൗണ്ടർ, 150 മുതൽ 200 വരെ വാഹനങ്ങൾക്കുള്ള പാർക്കിംഗ് ഗ്രൗണ്ട്, സ്ത്രീകൾക്കും പുരുഷന്മാർക്കും കാത്തിരിപ്പ് കേന്ദ്രം, കോഫി ഷോപ്പ് എന്നിവ ഇവിടെയുണ്ട്. പുതിയ കവാടം തുറന്നതോടെ എംസി റോഡിൽനിന്നും സ്റ്റേഷനിലേക്കു ഔദ്യോഗിക വഴിയായി. ഇപ്പോൾ ഗുഡ്സ്ഷെഡ് റോഡ് വഴി എത്തുന്നവർക്ക് ടിക്കറ്റ് എടുക്കാൻ സൗകര്യമില്ലായിരുന്നു.

രണ്ടാം കവാടത്തിലെ ബുക്കിംഗ് കൗണ്ടർ, എസ്കലേറ്റർ എന്നിവയുടെ ഉദ്ഘാടനം കേന്ദ്രമന്ത്രി ജോർജ് കുര്യൻ നിർവഹിച്ചു. കെ. ഫ്രാൻസിസ് ജോർജ് എംപി, ജോസ് കെ. മാണി എംപി, തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, മുനിസിപ്പൽ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യൻ, റെയിൽവേ ഡിവിഷണൽ മാനേജർ ഡോ. മനീഷ് തപൽയാൽ, സ്റ്റേഷൻ മാനേജർ പി.വി. വിജയകുമാർ, ഇലക്ട്രിക്കൽ എൻജിനിയർ കെ.എൻ. ശ്രീരാജ് തുടങ്ങിയവർ പ്രസംഗിച്ചു.

രണ്ടാം കവാടത്തിന്റെ ശേഷിക്കുന്ന നിർമാണപ്രവർത്തനങ്ങൾ വൈകാതെ പൂർത്തിയാക്കണമെന്ന് ഫ്രാൻസിസ് ജോർജ് എംപി ആവശ്യപ്പെട്ടു.

## 500 രൂപയിൽ താഴെ മുദ്രപത്രമില്ല; ചെറുകിട ഇടപാടുകാർ വലയുന്നു

**തൊടുപുഴ:** ജില്ലയിൽ 500 രൂപയിൽ താഴെ മൂല്യമുള്ള മുദ്രപത്രങ്ങൾ കിട്ടാനില്ല. വിവിധ ആവശ്യങ്ങൾക്കായി ചെറിയ മുദ്രപത്രങ്ങൾ അന്വേഷിച്ചെത്തുന്ന സാധാരണക്കാർ വൻ തുക മുടക്കേണ്ട അവസ്ഥയാണ്. 50, 100 രൂപയുടെ മുദ്രപത്രങ്ങൾ ഉപയോഗിക്കേണ്ട ഇടപാടുകൾക്കെല്ലാം 500 രൂപ ചെലവഴിക്കേണ്ടി വരുന്നു.

ജനന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, ആധാരങ്ങളുടെ പകർപ്പ്, വിവിധ എഗ്രിമെന്റുകൾ, മുക്ത്യാർ, വാടകച്ചീട്ട് തുടങ്ങിയ ആവശ്യങ്ങൾക്കെല്ലാം 50, 100 രൂപ മുദ്രപത്രങ്ങൾ മാത്രം മതിയെന്നിരിക്കെയാണ് അഞ്ചിരട്ടി തുക മുടക്കാൻ ഇടപാടുകാർ നിർബന്ധിതരാകുന്നത്. ആധാരം എഴുത്തുകാരുടെ സംഘടനകൾ പലവട്ടം ഇത് അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവന്നെങ്കിലും നടപടി ഉണ്ടായിട്ടില്ല.

പല ട്രഷറികളിലും 1,000 രൂപയുടെ മുദ്രപത്രങ്ങൾ പോലും കിട്ടാനില്ല. മുദ്രപത്ര ക്ഷാമം പരിഹരിക്കുന്നതിന് അഞ്ച്,10,20 ഡിനോമിനേഷനുള്ള മുദ്രപത്രങ്ങൾ 50,100 രൂപയുടെ മുദ്രപത്രങ്ങളായി റീവാല്യുവേറ്റ് ചെയ്ത് നൽകുന്നുണ്ടെങ്കിലും ആവശ്യത്തിന്റെ ചെറിയൊരു ഭാഗം നിറവേറ്റാൻ പോലും സാധിക്കുന്നില്ല.

സംസ്ഥാനത്ത് രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്കുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾ 2023 ഏപ്രിൽ ഒന്നു മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇതേത്തുടർന്ന് എല്ലാ സ്റ്റാമ്പ് വെണ്ടർമാരും കംപ്യൂട്ടർ പ്രിന്റർ, നെറ്റ് കണക്ഷൻ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി. സ്റ്റാമ്പ് വെണ്ടർമാർക്ക് രണ്ടുതവണ ട്രഷറി ഡിപ്പാർട്ട്മെന്റ് ഇസ്റ്റാമ്പ് എടുക്കുന്നതിനുള്ള പരിശീലനവും നൽകി.

ഇസ്റ്റാമ്പ് വരുന്നത് കണക്കിലെടുത്ത് നാസിക്, ഹൈദരാബാദ് എന്നിവിടങ്ങളിലെ സെക്യൂരിറ്റി പ്രസുകളിൽ മുദ്രപത്രങ്ങളുടെ പ്രിന്റിംഗ് നിർത്തിവച്ചു. ഇതോടെയാണ് ചെറിയ ഇടപാടുകൾക്കുള്ള മുദ്രപത്രങ്ങൾക്ക് ക്ഷാമം നേരിടുന്നതിന് കാരണമായി പറയുന്നത്.

## കരിയർ മാപ്പിംഗ് സെമിനാർ നടത്തി

**രാജാക്കാട്:** രാജാക്കാട് ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ രാജാക്കാട് ക്രിസ്തുജ്യോതി പബ്ലിക് സ്കൂളിൽ കരിയർ മാപ്പിംഗ് സെമിനാർ നടത്തി. രാജാക്കാട് ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തുന്ന രണ്ടാമത് സെമിനാറാണ് ക്രിസ്തുജ്യോതിയിൽ സംഘടിപ്പിച്ചത്.

ഒൻപത്, 10, പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലെ 249 കുട്ടികൾക്കുവേണ്ടിയാണ് സെമിനാർ സംഘടിപ്പിച്ചത്. പ്ലസ് ടു പാസായ ശേഷം കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഏത് കോഴ്സുകൾ പഠിക്കണമെന്നും ഏത് പഠന മേഖലയിലേക്ക് തിരിയണമെന്നുമുള്ള വ്യക്തമായ നിർദേശങ്ങളാണ് സെമിനാറിൽ അവതരിപ്പിച്ചത്.

ആർട്ടിഫിഷൽ ഇന്റലിജൻസിന്റെ സാധ്യതകൾ പഠിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമായി ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെയാണ് വിഷയത്തിൽ പരിശീലനം നേടിയ ഷൈനു സുകേഷ് ക്ലാസ് നയിച്ചത്.

സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ഷെറിൻ അധ്യക്ഷത വഹിച്ചു. രാജാക്കാട് പോലീസ് സ്റ്റേഷൻ എസ്എച്ച്ഒ വി. വിനോദ്കുമാർ ഉദ്ഘാടനം നിർവഹിച്ചു. ലയൺസ് ക്ലബ് റീജൺ ചെയർമാൻ ബേസിൽ ടി.ജേക്കബ് മുഖ്യപ്രഭാഷണം നടത്തി.

## കുസാറ്റിൽ പ്രോജക്ട് അസോസിയറ്റ് ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സ്റ്റഡീസിൽ മിനിസ്ട്രി ഓഫ് എർത്ത് സയൻസസ് ഡീപ് ഓഷ്യൻ മിഷൻ സ്കീമിൻറെ കീഴിൽ പ്രോജക്ട് അസോസിയറ്റായി പ്രവർത്തിക്കാൻ അപേക്ഷകൾ ക്ഷണിക്കുന്നു. മറൈൻ ബയോളജി/ മറൈൻ മൈക്രോബയോളജി / എൻവയോൺമെൻറൽ സയൻസ് ആൻറ് ടെക്നോളജി എന്നിവയിൽ ബിരുദാനന്തര ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. സമാന മേഖലയ്ൽ പ്രവർത്തിപരിചയമുള്ളവർക്ക് മുൻഗണന. കുസാറ്റിലെ എൻവയോൺമെൻറൽ സ്റ്റഡീസിലെ അസിസ്റ്റൻറ് പ്രൊപസറായ ഡോ. വൃന്ദ എസ് ആണ് പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് വിശദമായ ബയോഡാറ്റയും സമാന മേഖലയിലെ പ്രവർത്തിപരിചയം സഹിതം്യശിറമ@രൗമെ.മര.ശി. എന്ന വിലാസത്തിൽ നവംബർ 18 ന് മുൻപ് അയക്കുക. കൂടുതൽ വിവരങ്ങൾക്ക്, 04849895839534 എന്ന നമ്പറിൽ ബന്ധപ്പെടുക.



## സാമൂഹ്യ സുരക്ഷാ പദ്ധതികളെ കുറിച്ച് ബോധവൽക്കരണ ക്ലാസ്

**കൊച്ചി:** സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ എറണാകുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അങ്കമാലി സി എസ് എ ഹാളിൽ നടക്കുന്ന ബോധവൽക്കരണ പരിപാടിയിൽ കേന്ദ്ര ഗവൺമെന്റിന്റെ സാമൂഹ്യ, സാമ്പത്തിക സുരക്ഷാ പദ്ധതികളെ കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. അങ്കമാലി ഫിനാൻഷ്യൽ ലിറ്ററസി കൗൺസിലർ ടി ഹരികുമാർ നേതൃത്വം നൽകി.

കൗമാരകാലത്തെ പോഷണവും ആരോഗ്യവും എന്ന വിഷയത്തിൽ അങ്കമാലി ആയുർവേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ ഡോക്ടർ പിജി ശ്രീലത ക്ലാസ് നയിച്ചു.

നാഷണൽ ആയുഷ് മിഷന്റെ സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പും തപാൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആധാർ സേവനങ്ങളും സംഘടിപ്പിച്ചിരുന്നു. കേന്ദ്ര ഗാന നാടക വിഭാഗത്തിൽ നിന്നുള്ള കലാകാരന്മാരുടെ ഗാനമേളയും അരങ്ങേറി. ഇതോടൊപ്പം സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടക്കും. ഇതോടൊപ്പം ഡിജിറ്റൽ ഇന്ത്യയും സൈബർ സുരക്ഷയും, ഭാരതീയ ന്യായസംഹിത എന്നീ വിഷയങ്ങളിൽ ക്ലാസുകളും സംഘടിപ്പിച്ചു.

## ബെഫി എറണാകുളം ജില്ലാ സമ്മേളനം : സംഘാടക സമിതി രൂപീകരിച്ചു

**കൊച്ചി:** ഡിസംബർ എട്ടിന് പറവൂരിൽ നടക്കുന്ന ബെഫി എറണാകുളം ജില്ലാ സമ്മേളനത്തിനായി സംഘടക സമിതി രൂപീകരണ യോഗം സി ഐ ടിയു ജില്ലാ വൈ പ്രസിഡന്റ് ടി. ആർ ബോസ് ഉദ്ഘാടനം ചെയ്തു, ബെഫി ജില്ലാ പ്രസിഡന്റ് പി ജി ഷാജു അദ്ധ്യക്ഷത വഹിച്ചു ബെഫി സംസ്ഥാന പ്രസിഡന്റ് ഷാജു ആന്റണി ജില്ലാ സെക്രട്ടറി വി വിമൽ സി.ഐ.ടി.യു ഏരിയ സെക്രട്ടറി സുരേന്ദ്രൻ പി കെ , നിതിൻ ടി.വി, പി രാധാകൃഷ്ണൻ , ഡിജി എൻ ജി എന്നിവർ സംസാരിച്ചു. സംഘടക സമിതി ചെയർമാൻ ആയി ടി. ആർ ബോസിനേയും കൺവീനർ ആയി ഡിജി എൻ ജി .യേയും തെരഞ്ഞെടുത്തു.

# നരസിംഹസ്വാമി സമാധി ദിനാചരണവും ശിവലിംഗ ഗുരുദേവ വിഗ്രഹ പ്രതിഷ്ഠയും

**ശിവഗിരി :** ശ്രീനാരായണ ഗുരുദേവൻറെ സംന്യസ്ത ശിഷ്യ പ്രധാനിയും തൃപ്പൂണിത്തുറ ഏരൂർ നരസിംഹാശ്രമ സ്ഥാപകനുമായ നരസിംഹസ്വാമികളുടെ 68ാമത് സമാധി ദിനാചരണവും ശിവലിംഗ പുന:പ്രതിഷ്ഠയും ഗുരുദേവ പ്രതിഷ്ഠയും മണ്ഡപ സമർപ്പണവും സമാധിദിന സമ്മേളനവും 18, 19, 20 തീയതികളിൽ ആശ്രമത്തിൽ നടക്കും.

18 ന് വൈകിട്ട് 4.30 ന് ശിവഗിരി മഠം തന്ത്രി ശിവനാരായണ തീർത്ഥ സ്വാമിയുടെ നേതൃത്വത്തിൽ ഗുരു ഗണപതി പൂജനടക്കും. 19 ന് പുലർച്ചെ 5.30 മുതൽ പൂജകൾ നടക്കും. വൈകിട്ട് 6 ന് പ്രഭാഷണവും വെണ്ണല ശ്രീ മാതാ ഭജൻസിൻറെ ഭജനയും ഉണ്ടാകും. 20 ന് രാവിലെ 7.30 നും 8 നും മദ്ധ്യേ ശിവഗിരി മഠം പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി ശിവലിംഗ പ്രതിഷ്ഠയും ഗുരുദേവ പഞ്ചലോഹ വിഗ്രഹ പ്രതിഷ്ഠയും നിർവ്വഹിക്കും. 9 ന് സ്വാമിനി നിത്യചിൻമയിയുടെ പ്രഭാഷണം.

10.30 ന് സമാധി സമ്മേളനത്തിൽ സച്ചിദാനന്ദ സ്വാമി അധ്യക്ഷത വഹിക്കും. എസ്.എൻ.ഡി.പി. യോഗം വൈസ്പ്രസിഡൻറ് തുഷാർ വെള്ളാപ്പള്ളി ഉദ്ഘാടനം ചെയ്യും. നരസിംഹസ്വാമി സമാധി മണ്ഡപം നിർമ്മിച്ച രാജേഷ് ഗോപാലിന് സച്ചിദാനന്ദ സ്വാമി ശിവഗിരി മഠത്തിൻറെ ഉപഹാരം നൽകും. ധർമ്മസംഘം മുൻപ്രസിഡൻറ് വിശുദ്ധാനന്ദ സ്വാമി അനുഗ്രഹ പ്രഭാഷണം നടത്തും.

കെ.ജി.മാക്സി എം.എൽ.എ. മുഖ്യാതിഥികളായിരിക്കും. ധർമ്മസംഘം ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ മുഖ്യപ്രഭാഷണം നടത്തും. ആശ്രമം സെക്രട്ടറി ശാരദാനന്ദ സ്വാമി,നഗരസഭാ ചെയർപേഴ്സൺ രമാ സന്തോഷ്, ഇൻകം ടാക്സ് ജോയിൻറ് കമ്മീഷ്ണർ ജ്യോതിഷ് മോഹനൻ നാട്ടിക, എസ്.എൻ.ഡി.പി. യൂണിയൻ പ്രസിഡൻറ് ഉണ്ണികൃഷ്ണൻ തശ്ണത്ത് അർച്ചൻ സഹകരണ ബാങ്ക് പ്രസിഡൻറ് കെ. ജയപ്രസാദ് പൃത്വിരാജ് രാജേഷ്, തുടങ്ങിയവർ പ്രസംഗിക്കും.

## വാടകയ്ക്ക് ജിഎസ്ടി: കെ.എച്ച്.ആർ.എ പ്രതിഷേധ ധർണ്ണ നടത്തി



**കൊച്ചി:** അൺ രജിസ്ട്രേഡ് കെട്ടിട ഉടമയിൽനിന്നും വാടകക്കെടുക്കുന്ന കെട്ടിടത്തിന്റെ ജി.എസ്.ടി. വാടകക്കെടുത്ത വ്യാപാരി അടയ്ക്കണമെന്ന ജി.എസ്.ടി. കൗൺസിൽ തീരുമാനത്തിനെതിരെ കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ ധർണ്ണ നടത്തി. എറണാകുളം തേവരയിലുള്ള ജി.എസ്.ടി. ഓഫീസിനു മുന്നിൽ നടന്ന ധർണ്ണ ടി. ജെ. വിനോദ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. നിത്യോപയോഗസാധനത്തിനും, പാചകവാതകത്തിനുമെല്ലാം കുത്തനെ വില കയറിയിരിക്കുന്നു. ഹോട്ടലുകൾക്ക് ഒരു വിധത്തിലും വ്യാപാരം മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കാത്ത സാഹചര്യമാണ്. അതിനിടയിലാണ് വാടകയ്ക്ക് 18 % ജി.എസ്.ടി. അടക്കണമെന്ന അധിക ബാധ്യതവന്നിരിക്കുന്നത്. ഇൻപുട്ട് ടാക്സ് എടുക്കുവാനുള്ള അവകാശം ഹോട്ടലുകൾക്കില്ലായെന്നിരിക്കെ ഈ നികുതി മുഴുവൻ ഹോട്ടലുടമകൾക്ക് നഷ്ടമാകും. വ്യാപാരികൾക്ക് ഒരുതരത്തിലും മുന്നോട്ട് പോകാനാവാത്ത സാഹചര്യമാണുള്ളതെന്ന് ഉദ്ഘാടനപ്രസംഗത്തിൽ എം.എൽ.എ. സൂചിപ്പിച്ചു. ജില്ലാ പ്രസിഡന്റ് ടി. ജെ. മനോഹരൻ അദ്ധ്യക്ഷതവഹിച്ചു. ഇതൊരു സൂചന സമരമാണെന്നും ജി.എസ്.ടി. വിഷയത്തിന് പരിഹാരമായില്ലെങ്കിൽ പാർലമെന്റ് മാർച്ച് അടക്കമുള്ള ശക്തമായ സമര പരിപാടികൾ സംഘടിപ്പിക്കുമെന്ന് മുൻ സംസ്ഥാന ട്രഷറർ എൻ. അബ്ദുൽ റസാഖ് അറിയിച്ചു. ജില്ലാ സെക്രട്ടറി കെ. ടി. റഹിം, മുൻ സംസ്ഥാന ട്രഷറർ എൻ. അബ്ദുൾ റസാഖ്, സംസ്ഥാന വൈസ് പ്രസിഡന്റ് വി. ടി. ഹരിഹരൻ, സംസ്ഥാന സെക്രട്ടറി അബ്ദുൾ സമദ്, ജില്ലാ വർക്കിംഗ് പ്രസിഡന്റ് കെ. പാർത്ഥസാരഥി, ജില്ലാ ട്രഷറർ സി. കെ. അനിൽ എന്നിവർ സംസാരിച്ചു.

# വാറന്റി കാലയളവിൽ ടിവി റിപ്പയർ ചെയ്ത് നൽകിയില്ല, നിർമ്മാതാക്കൾക്ക് 8,000 രൂപ പിഴ ചുമത്തി ഉപഭോക്തൃ കോടതി

**കൊച്ചി:**വാറണ്ടി കാലയളവിൽ ടിവി പ്രവർത്തനരഹിതമായിട്ടും റിപ്പയർ ചെയ്തു നൽകുന്നതിൽ വീഴ്ച വരുത്തിയ ടിവി നിർമ്മാതാക്കൾ സേവനത്തിലെ ന്യൂനതയും അധാർമികമായ വ്യാപാര രീതിയുമാണ് അവലംബിച്ചതെന്ന് എറണാകുളം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കോടതി.5,000/ രൂപ നഷ്ടപരിഹാരവും 3,000/ രൂപ കോടതി ചെലവും 45 ദിവസത്തിനകം എതിർകക്ഷി ഉപഭോക്താവിന് നൽകണമെന്നും കോടതി ഉത്തരവിട്ടു.എറണാകുളം കോതമംഗലം സ്വദേശി സൗരവ് കുമാർ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.15,200 രൂപ നൽകിയാണ് പരാതിക്കാരൻ എൽ ഇ ഡി ടിവി വാങ്ങിയത്. മൂന്നുവർഷത്തിനുള്ളിൽ തന്നെ ടിവി പ്രവർത്തനരഹിതമായതിനെ തുടർന്നാണ് എതിർകക്ഷിയെ സമീപിച്ചത്. എന്നാൽ വാറന്റി കാലയളവിനുള്ളിൽ തകരാർ ആയിട്ടും ടിവി റിപ്പയർ ചെയ്തു നൽകാൻ എതിർകക്ഷി വിസമ്മതിച്ചു. തുടർന്നാണ് ടിവിയുടെ വില, നഷ്ടപരിഹാരം, കോടതി ചെലവ് എന്നിവ ആവശ്യപ്പെട്ടുകൊണ്ട് പരാതിക്കാരൻ കോടതിയെ സമീപിച്ചത്.മൂന്നുവർഷത്തെ വാറന്റി കാലയളവിനുള്ളിൽ തന്നെ ടിവി പ്രവർത്തനരഹിതമായിട്ടും അത് നൽകാതിരുന്ന എതിർകക്ഷിയുടെ നടപടി സേവനത്തിലെ ന്യൂനതയും അധാർമികമായ വ്യാപാര രീതിയുമാണെന്ന് ഡി ബി ബിനു അധ്യക്ഷനും വി രാമചന്ദ്രൻ , ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ച് നിരീക്ഷിച്ചു. 5000/ രൂപ നഷ്ടപരിഹാരവും 3000/ രൂപ കോടതി ചെലവും 45 ദിവസത്തിനകം എതിർകക്ഷി പരാതിക്കാരന് നൽകണമെന്ന് കോടതി ഉത്തരവിട്ടു.പരാതിക്കാരന് വേണ്ടി അഡ്വ. ടോം ജോസഫ് ഹാജരായി.

# റൈഫിൾ ക്ലബ്ബ്

റൊമാന്റിക് സ്റ്റാർ വിനീത് കുമാറിന്റെ ജന്മദിനത്തോടനുബന്ധിച്ച് റൈഫിൾ ക്ലബ്ബ് അണിയറ ശില്പികൾ ക്യാരക്ടർ പോസ്റ്റർ റിലീസ് ചെയ്തു. ദിലീഷ് പോത്തൻ, അനുരാഗ് കശ്യപ്, വാണി വിശ്വനാഥ്,ദർശന രാജേന്ദ്രൻ എന്നിവരെ കഥാപാത്രങ്ങളാക്കി ആഷിഖ് അബുഛായാഗ്രഹണവും സംവിധാനവും നിർവഹിക്കുന്ന റൈഫിൾ ക്ലബ്ബ് എന്ന ചിത്രത്തിൽവിനീത് കുമാർ അവതരിപ്പിക്കുന്ന ഷാജഹാൻ എന്ന കഥാപാത്രത്തിന്റെ പോസ്റ്ററാണ് റിലീസായത്.ഹനുമാൻ കൈന്റ്, സെന്ന ഹെഡ്ഗെ, നതേഷ് ഹെഡ്ഗെ, നവനി, റംസാൻ മുഹമ്മദ്, ഉണ്ണിമായ, വിജയരാഘവൻ, വിഷ്ണു അഗസ്ത്യ, സുരേഷ് കൃഷ്ണ, സുരഭി ലക്ഷ്മി, വിനീത് കുമാർ, നിയാസ് മുസലിയാർ,പരിമൾ ഷായിസ്,കിരൺ പീതാംബരൻ, റാഫി, പ്രശാന്ത് മുരളി, രാമു, പൊന്നമ്മ ബാബു, ബിപിൻ പെരുമ്പള്ളി, വൈശാഖ്, സജീവൻ, ഇന്ത്യൻ, മിലൻ, ചിലമ്പൻ, ആലീസ്, ഉണ്ണി മുട്ടം, ഭാനുമതി, തുടങ്ങിയവരാണ് മറ്റു താരങ്ങൾ. ഒ.പി.എം സിനിമാസിന്റെ ബാനറിൽ ആഷിഖ് അബു, വിൻസന്റ് വടക്കൻ, വിശാൽ വിൻസന്റ് ടോണി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന "റൈഫിൾ ക്ലബ്" എന്ന ചിത്രത്തിലൂടെ അനുരാഗ് കശ്യപ് മലയാളത്തിൽ അരങ്ങേറ്റം കുറിക്കുന്നു.ദിലീഷ് നായർ, ശ്യാം പുഷ്കരൻ,സുഹാസ് എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണം ഒരുക്കുന്നു. 'മായാനദി'ക്ക് ശേഷം ആഷിഖ് അബു, ശ്യാം പുഷ്കരൻ, ദിലീഷ് നായർ ടീം ഒന്നിക്കുന്നു എന്ന പ്രത്യേകതയും 'റൈഫിൾ ക്ലബ്ബി'നുണ്ട്.ഗാനരചനവിനായ്ക് ശശികുമാർ,സംഗീതംറെക്സ് വിജയൻ,എഡിറ്റർവി സാജൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഅബിദ് അബു,അഗസ്റ്റിൻ ജോർജ്ജ്,പ്രൊഡക്ഷൻ കൺട്രോളർകിഷോർ പുറക്കാട്ടിരി,പ്രൊഡക്ഷൻ ഡിസൈനർഅജയൻ ചാലിശ്ശേരി,മേക്കപ്പ്റോണക്സ് സേവ്യർ,വസ്ത്രാലങ്കാരം മഷർ ഹംസ,സ്റ്റിൽസ് അർജ്ജുൻ കല്ലിങ്കൽ,പരസ്യകലഓൾഡ് മോങ്ക്സ്,ചീഫ് അസോസിയേറ്റ് ഡയറക്ടർഹരിഷ് തെക്കേപ്പാട്ട്,ബിപിൻ രവീന്ദ്രൻ,സംഘട്ടനംസുപ്രീം സുന്ദർ,വിഎഫ്എക്സ്അനീഷ് കുട്ടി, സൗണ്ട് ഡിസൈൻനിക്സൺ ജോർജ്ജ്, സൗണ്ട് മിക്സിംങ്ഡാൻ ജോസ്.' റൈഫിൾ ക്ലബ്ബ് 'ഡിസംബറിൽ പ്രദർശനത്തിനെത്തും. പി ആർ ഒഎ എസ് ദിനേശ്.




# പരാക്രമം

സൂഫിയും സുജാതയും ഫെയിം ദേവ് മോഹൻ,സോണ ഒലിക്കൽ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അർജ്ജുൻ രമേശ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'പരാക്രമം' എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ടീസർ റിലീസായി.നവംബർ ഇരുപത്തിരണ്ടിന് പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ രഞ്ജി പണിക്കർ,ജിയോ ബേബി,സംഗീത മാധവൻ, സ്വപ്ന പിള്ള,രവി ഖേമു,സച്ചിൻ ലാൽ ഡി, കിരൺ പീതാംബരൻ തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.ഒപ്പം 'വാഴ'ഫെയിം സിജു സണ്ണി,ജോമോൻ ജ്യോതിർ,അമിത് മോഹൻ രാജേശ്വരി എന്നിവരും മുഖ്യ വേഷത്തിൽ അഭിനയിക്കുന്നു.നിർമ്മാണംമില്ലേനിയൽ ഫിലിംസ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഹാരിസ് ദേശം, ഛായാഗ്രഹണം സാലു കെ തോമസ്,

സംഗീതംഅനൂപ് നിരിച്ചൻ,ഗാനരചനസുഹൈൽ എം കോയ, രഞ്ജിത്ത് ആർ നായർ, എഡിറ്റിങ്കിരൺ ദാസ്,പ്രൊഡക്ഷൻ കൺട്രോളർറിന്നി ദിവാകർ,പ്രൊഡക്ഷൻ ഡിസൈനർദിലീപ് നാഥ്,മേക്കപ്പ്മുഹമ്മദ് അനീസ്,കോസ്റ്റ്യൂംസ്ഇർഷാദ് ചെറുകുന്ന്,ചീഫ് അസോസിയേറ്റ് ഡയറക്ടർഷെല്ലി ശ്രീസ്, അസോസിയേറ്റ് ഡയറക്ടർഷിജന്ത്, അസിസ്റ്റന്റ് ഡയറക്ടർശ്രീജിത്ത്,വിമൽ കെ കൃഷ്ണൻകുട്ടി,ഡേവീസ് ബാബു,അമിതാബ് പണിക്കർ,സൗണ്ട് ഡിസൈൻസിങ്ക് സിനിമ,ആക്ഷൻ ഫീനിക്സ് പ്രഭു,പി സി സ്റ്റണ്ട്സ്, അഷ്റഫ് ഗുരുക്കൾ, കൊറിയോഗ്രാഫിശ്രീജിത്ത് ശിവാനന്ദൻ, അരുൺ നന്ദകുമാർ,ഓഡിയോഗ്രാഫിജിതിൻ ജോസഫ്,കളറിസ്റ്റ് ശ്രീക് വാരിയർ, ഡിഐപോയറ്റിക്,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്അനീഷ് നന്തിപുരം, പ്രൊഡക്ഷൻ മാനേജർ നികേഷ് നാരായൺ, ഇന്ദ്രജിത്ത് ബാബു,പ്രൊമോഷൻ കൺസൽട്ടന്റ്വിപിൻ കുമാർ,പ്രൊമോഷൻസ്ടെൻ ജി മീഡിയ,പബ്ലിസിറ്റി സ്റ്റിൽസ്ഷഹീൻ താഹ,ഡിസൈനർയെല്ലോ ടൂത്ത്സ്,ലോക്കേഷൻ മാനേജർജോയി പുതേരി,പി ആർ ഒഎ എസ് ദിനേശ്.




# വാഴ 2 ഒരുങ്ങുന്നു

ജയ ജയ ജയ ജയഹേ, ഗുരുവായൂർ അമ്പലനടയിൽ എന്നീ ബ്ലോക്ക്ബസ്റ്റർ ചിത്രങ്ങളുടെ സംവിധായകനായ വിപിൻ ദാസിന്റെ തിരക്കഥയിൽ ഒരുക്കിയ വാഴ ബയോപിക് ഓഫ് എ ബില്ല്യൺ ബോയ്സ് എന്ന ചിത്രത്തിന്റെ വൻ വിജയത്തെ തുടർന്ന് രണ്ടാം ഒരുങ്ങുന്നു.

എറണാക്കുളം ഗോകുലം പാർക്ക് വെച്ച് നടന്ന വാഴയുടെ വിജയാഘോഷ വേദിയിൽ വെച്ചാണ് വാഴ 2 ബയോപിക് ഓഫ് എ ബില്ല്യൺ ബ്രദേഴ്സ് എന്ന രണ്ടാം ഭാഗം ചിത്രത്തിന്റെ പ്രഖ്യാപനം നടത്തിയത്.

വിപിൻ ദാസിന്റെ തിരക്കഥയിൽ സാവിൻ സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ വാഴയിൽ അഭിനയിച്ച ശ്രദ്ധേയരായ ഹാഷിർ, അലൻ ബിൻ സിറാജ് , അജിൻ ജോയി, വിനായക് എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.ണ്ഞാട പ്രൊഡക്ഷൻസ്, ഇമാജിൻ സിനിമാസ്, ഐക്കൺ സ്റ്റുഡിയോസ്, സിഗ്നചർ സ്റ്റുഡിയോസ്,ഐക്കോൺ സ്റ്റുഡിയോസ് എന്നീ ബാനറിൽ വിപിൻ ദാസ്, ഹാരിസ് ദേശം, പി ബി അനീഷ്, ആദർശ് നാരായൺ,ഐക്കോൺ സിനിമാസ് എന്നിവർ ചേർന്നാണ് ഈ ചിത്രവും നിർമ്മിക്കുന്നത്നർമ്മത്തിന് പ്രാധാന്യം നൽകുന്ന ഈ ചിത്രത്തിലും മലയാളത്തിലെ മറ്റു താരങ്ങളും അഭിനയിക്കുന്നു.

2025 ജനുവരിയിൽ ചിത്രീകരണം ആരംഭിച്ച് ഓണത്തിന് റിലീസ് ചെയ്യുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അഖിൽ ലൈലാസുരൻ നിർവ്വഹിക്കുന്നു.പ്രൊഡക്ഷൻ കൺട്രോളർറിന്നി ദിവാകരൻ,പി ആർ ഒഎ എസ് ദിനേശ്.




# കാൺമാനില്ല

ഒ കെ രവിശങ്കർ,രുദ്ര എസ് ലാൽ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി പോൾ പട്ടത്താനം രചനയും സംവിധാനം നിർവ്വഹിച്ച കാൺമാനില്ല എന്ന ചിത്രത്തിന്റെ ട്രെയ്‌ലർ റിലീസായി.കാംപ്രൊഡക്ഷൻസിന്റെ ബാനറിൽ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം കൃഷ്ണകുമാർ നിർവ്വഹിക്കുന്നു.സംഗീതംവെൺപകൽ സുരേന്ദ്രൻ,പശ്ചാത്തല സംഗീതംറോണി റാഫേൽ,എഡിറ്റിങ് വിപിൻ മണ്ണൂർ,പ്രൊഡക്ഷൻ ഡിസൈനർചന്ദ്രമോഹൻ. നവംബർ ഒൻപതു മുതൽ തിരുവനന്തപുരം ലെനിൻ സിനിമാസിൽ പ്രദർശനത്തിനെത്തും.പി ആർ ഒഎ എസ് ദിനേശ്.



# 4000ത്തിലധികം യുവാക്കളെ പരിശീലിപ്പിക്കാൻ പുതിയ മേക്കേഴ്സ്പേസ് ലാബുമായി ആമസോൺ




**കൊച്ചി:** 2025ഓടെ 4000ത്തിലധികം യുവ കണ്ടുപിടുത്തക്കാരെ ശാക്തീകരിക്കുന്നതിനായി ആമസോണിൻറെ ആദ്യത്തെ ഫ്യൂച്ചർ എഞ്ചിനീയർ മേക്കേഴ്സ്പേസ് ലാബ് ബെംഗളൂരുവിൽ ആരംഭിച്ചു. ദ ഇന്നൊവേഷൻ സ്റ്റോറിയുമായി സഹകരിച്ച് 5 മുതൽ 12 വരെ ക്ലാസുകളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് മികച്ച പഠനം ലഭ്യമാക്കി അവരുടെ ജിജ്ഞാസയെ വളർത്തി ഭാവിയിലെ കണ്ടുപിടുത്തക്കാരാകാൻ നൂതനമായ സാങ്കേതിക വൈദഗ്ധ്യം അവരെ സജ്ജമാക്കുകയും ചെയ്യും.

എല്ലാ തലങ്ങളിലുമുള്ള വിദ്യാർത്ഥികൾക്കായി സ്റ്റുഡിയോ വിവിധ പരിപാടികൾ ലഭ്യമാക്കുന്നു. തുടക്കക്കാർക്ക് അടിസ്ഥാന റോബോട്ടിക്സും കോഡിംഗും പഠിക്കാൻ 34 മണിക്കൂർ പ്രോഗ്രാമുകളും ഉണ്ട്. വിപുലമായ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ 6 മണിക്കൂർ ദൈർഘ്യമുള്ളതുമായ പ്രോഗ്രാമുകൾ രണ്ട് ദിവസത്തിനുള്ളിൽ നൂതന റോബോട്ടിക്സ്, പ്രോഗ്രാമിംഗ്, പ്രോട്ടോടൈപ്പിംഗ്, ഡിസൈൻ എന്നിവ ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കും. കൂടുതൽ നിലവാരമുള്ള വിദ്യാർത്ഥികൾക്കായി ഒന്നിലധികം പ്രതിമാസ പ്രോഗ്രാമുകളുണ്ട്. ഒരുമിച്ച് പ്രവർത്തിക്കാനും റോബോട്ടുകൾ രൂപകൽപ്പന ചെയ്യാനും മറ്റ് വിദ്യാർത്ഥികളുമായി മത്സരിക്കാനും ഈ പ്രോഗ്രാമുകൾ വിദ്യാർത്ഥികളെ സഹായിക്കുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ റോബോട്ടുകൾ നിർമ്മിക്കാനും പരീക്ഷിക്കാനുമുള്ള പ്രത്യേക മേഖലകൾ സ്റ്റുഡിയോയിലുണ്ട്.

ആദ്യത്തെ ആമസോൺ ഫ്യൂച്ചർ എഞ്ചിനീയർ മേക്കേഴ്സ്പേസ് ലാബ് ബെംഗളൂരുവിൽ ആരംഭിക്കുന്നതിൽ സന്തോഷമുണ്ട്. ഈ നൂതന സൗകര്യം ആയിരക്കണക്കിന് യുവാക്കൾക്ക് ഭാവിയിലെ യുവ കണ്ടുപിടുത്തക്കാരാകാൻ ആവശ്യമായ ഉപകരണങ്ങളും അറിവും മാർഗനിർദേശവും നൽകും. റോബോട്ടിക്സ്, എഐ, 3ഡി പ്രിൻറിങ്ങിൽ പഠനാനുഭവങ്ങൾ ലഭ്യമാക്കുന്നതിലൂടെ അടുത്ത തലമുറയിലെ സാങ്കേതിക രംഗത്തെ നേതാക്കളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഡിജിറ്റൽ ഇക്വിറ്റി പ്രോത്സാഹിപ്പിക്കുന്നതിനും എല്ലാവർക്കും അവസരങ്ങൾ നൽകുന്നതിനുമുള്ള പ്രതിബദ്ധതയുടെ തുടക്കമാണിതെന്ന് ആമസോൺ ഫ്യൂച്ചർ എഞ്ചിനീയർ പ്രോഗ്രാം ഇന്ത്യ ലീഡ് അക്ഷയ് കശ്യപ് പറഞ്ഞു.

റോബോട്ടിക്സ്, കമ്പ്യൂട്ടിംഗ് സെഷനുകൾ എഐ, 3ഡി പ്രിൻറിങ് എന്നിവയിൽ സൗജന്യമായി പ്രായോഗികമായ പഠന അവസരങ്ങൾ ലഭ്യമാക്കുന്ന നൂതന സൗകര്യമാണ് ആമസോൺ ഫ്യൂച്ചർ എഞ്ചിനീയർ മേക്കേഴ്സ്പേസ് ലാബ്. 40 പേർ വരെ പങ്കെടുക്കാവുന്ന ഓൺലൈൻ സെഷനുകൾ വിദ്യാർത്ഥികൾക്ക് മുൻകൂട്ടി ബുക്ക് ചെയ്യാം. 3ഡി പ്രിൻററുകൾ, ലെയ്ത്തുകൾ, പവർ ടൂളുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, അന്താരാഷ്ട്ര മത്സരങ്ങൾക്കുള്ള കിറ്റുകൾ തുടങ്ങിയ നൂതന ഉപകരണങ്ങൾ സ്റ്റുഡിയോയിൽ സജ്ജീകരിച്ചിരിക്കുന്നു. കോഡിങ്, പ്രശ്നപരിഹാരം, ഡിസൈൻ എന്നിവ പോലുള്ള നിർണായക കഴിവുകൾ വികസിപ്പിക്കാൻ വിദ്യാർത്ഥികളെ സഹായിക്കുന്നതിനും പഠനവം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വിദഗ്ധരായ ഉപദേഷ്ടാക്കളും ആമസോൺ സന്നദ്ധപ്രവർത്തകരും മാർഗ്ഗനിർദ്ദേശം നൽകുന്നു. സാങ്കേതികവിദ്യ, മെൻറർഷിപ്പ്, പ്രായോഗികമായ അനുഭവം എന്നിവയുടെ ഈ സവിശേഷമായ സംയോജനം ഭാവിയിലെ കണ്ടുപിടുത്തക്കാരാകാൻ വിദ്യാർത്ഥികളെ സഹായിക്കുന്നു.

കമ്പ്യൂട്ടർ സയൻസിലും റോബോട്ടിക്സിലും പ്രത്യേകമായി തയ്യാറാക്കിയ കൂട്ടുകെട്ട് അടിസ്ഥാനമാക്കിയുള്ള പ്രായോഗികമായ പ്രോഗ്രാമുകളിലൂടെ മാറ്റങ്ങളുണ്ടാക്കുന്നവരും പുതുമയുള്ളവരുമായി മാറാൻ വിദ്യാർത്ഥികളെ സഹായിക്കുകയെന്നതാണ് തങ്ങളുടെ ദൗത്യം. ആമസോൺ ഫ്യൂച്ചർ എഞ്ചിനീയർ പ്രോഗ്രാമിൻറെ നോളഡ്ജ് പാർട്നർ എന്ന നിലയിൽ പാവപ്പെട്ട സമൂഹങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെ ഉയർത്തിക്കൊണ്ടുവരുക എന്ന ലക്ഷ്യവുമായി യോജിപ്പിച്ച് പ്രത്യേക അനുഭവവേദ്യമായ സെഷനുകൾ രൂപകൽപ്പന ചെയ്തിട്ടുണ്ട്. ടെക്, എഐ കരിയറിൽ മികവ് പുലർത്താനുള്ള കഴിവുകളുമായി യുവ മനസ്സുകളെ സജ്ജമാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് ദ ഇന്നവേഷൻ സ്റ്റോറി സ്ഥാപകയായ മീനാൽ മജുംദർ പറഞ്ഞു. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ സയൻസ് വിദ്യാഭ്യാസത്തിൽ തുല്യ അവസരങ്ങൾ ലഭ്യമാക്കുന്നതിനായുള്ള ഒരു പ്രധാന ജീവകാരുണ്യ സംരംഭമാണ് ആമസോൺ ഫ്യൂച്ചർ എഞ്ചിനീയർ. ഈ സമഗ്രമായ പ്രോഗ്രാം പ്രൈമറി സ്കൂൾ കാലത്ത് സാങ്കേതികവിദ്യയിൽ താൽപ്പര്യം ഉണ്ടാക്കികൊണ്ട് ആരംഭിക്കുകയും ഹൈസ്കൂൾ വരെ തുടരുകയും ചെയ്യുന്നു. ഇത് ടെക് വ്യവസായത്തിലെ വിജയകരമായ കരിയറുകളിലേക്ക് വിദ്യാർത്ഥികളെ എത്തിയ്ക്കുന്നു.

17,000ലധികം സ്കൂളുകളിൽ കമ്പ്യൂട്ടർ സയൻസ് വിദ്യാഭ്യാസം ലഭ്യമാക്കാൻ ആമസോൺ സഹകരിക്കുന്നു. ഈ പ്രോഗ്രാമിലൂടെ കഴിഞ്ഞ മൂന്ന് വർഷം 2.9 ദശലക്ഷത്തിലധികം വിദ്യാർത്ഥികളെ സ്വാധീനിക്കുകയും രാജ്യത്തുടനീളമുള്ള 16,000ലധികം അധ്യാപകരെ പരിശീലിപ്പിക്കുകയും ചെയ്തു. ആമസോൺ ഫ്യൂച്ചർ എഞ്ചിനീയർ പ്രോഗ്രാമിന് കീഴിൽ ടെക്നോളജി തലത്തിലെ ലീഡർമാരുടെ അടുത്ത തലമുറയെ പ്രചോദിപ്പിക്കുന്നതിനും വിദ്യാഭ്യാസത്തിലൂടെ താഴ്ന്ന സമൂഹങ്ങളെ ഉൾപ്പെടുത്തുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള ആമസോണിൻറെ പ്രതിബദ്ധതയുടെ ഭാഗമാണ് സ്റ്റുഡിയോ.

## വ്യക്തിഗത ബിസിനസിൽ 34 ശതമാനം വളർച്ച നേടി ബജാജ് അലയൻസ് ലൈഫ്

**കൊച്ചി:** സ്വകാര്യ ലൈഫ് ഇൻഷുറൻസ് സ്ഥാപനങ്ങളിലൊന്നായ ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ് 2025 സാമ്പത്തിക വർഷത്തിൻറെ രണ്ടാം ത്രൈമാസത്തിൽ ശക്തമായ വളർച്ച കൈവരിച്ചു. രണ്ടാം ത്രൈമാസത്തിലെ പുതിയ വ്യക്തിഗത ബിസിനസ് മുൻവർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 34 ശതമാനം വാർഷിക വളർച്ചയോടെ 1,415 കോടി രൂപയിൽ നിന്ന് 1,895 കോടി രൂപയിലെത്തി. പുതിയ ബിസിനസ് പ്രീമിയം 2024 സാമ്പത്തിക വർഷത്തിന്റെ രണ്ടാം ത്രൈമാസത്തിലെ 2,821 കോടി രൂപയിൽ നിന്ന് 14 ശതമാനം എന്ന വാർഷിക വളർച്ചയോടെ 2025 സാമ്പത്തിക വർഷത്തിൻറെ രണ്ടാം ത്രൈമാസത്തിൽ 3,202 കോടി രൂപയിലെത്തി. ആകെ റിട്ടൺ പ്രീമിയം 23 ശതമാനം എന്ന ഗണ്യമായ വളർച്ചയോടെ 5,338 കോടി രൂപയിൽ നിന്ന് 6,544 കോടി രൂപയിലുമെത്തി.ബജാജ് അലയൻസ് ലൈഫിന്റെ സ്വകാര്യ മേഖലയിലെ ബിസിനസ് വിഹിതം 8.9 ശതമാനവും ആകെ വിപണി വിഹിതം 6.1 ശതമാനവുമായും വളർന്നിട്ടുണ്ട്. വിവിധ വിതരണ സംവിധാനങ്ങളിലെ കമ്പനിയുടെ ശക്തമായ പ്രകടനവും ഇൻഷുറൻസ് ബോധവൽക്കരണത്തിനുള്ള ശക്തമായ ശ്രദ്ധയും രാജ്യത്തിൻറെ വൈവിധ്യമാർന്ന വിപണിയിലേക്കുള്ള കടന്നു ചെല്ലലുമാണ് കമ്പനിയുടെ ശക്തമായ പ്രകടനം സൂചിപ്പിക്കുന്നത്.

## ഐ.സി.എസ്.ഐ പുരസ്ക്കാരം കൊച്ചി ചാപ്റ്റർ ഏറ്റുവാങ്ങി




**കൊച്ചി:** കേന്ദ്ര കമ്പനി കാര്യമന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ(ഐ.സി.എസ്.ഐ)യുടെ ദേശീയ തലത്തിൽ മികച്ച ചാപ്റ്ററിനുള്ള 2023ലെ പുരസ്ക്കാരം കൊച്ചി ചാപ്റ്ററിന്. രാജ്യത്താകമാനം പ്രവർത്തിക്കുന്ന വിവിധ ചാപ്റ്റർ ഓഫീസുകളിൽ നിന്നാണ് കൊച്ചിയെ മികച്ചതായി തെരഞ്ഞെടുത്തത്. മുംബൈയിൽ നടന്ന ചടങ്ങിൽ സെബി ചെയർപേഴ്സൺ മാധബിപുരി ബുച്ച്, ഐ സി എസ് ഐ പ്രസിഡന്റ് ബി നരസിംഹൻ, സെക്രട്ടറി ആശിഷ് മോഹൻ എന്നിവർ പുരസ്ക്കാരങ്ങൾ വിതരണം ചെയ്തു. 2023ലെ ചാപ്റ്റർ ചെയർമാൻ ശരത് ശശിധര, 2024ലെ ചെയർമാൻ നിഖിൽ ജോർജ് പിന്റോ, എക്സിക്യൂട്ടീവ് ഓഫീസർ സ്മിത സുബിൻ എന്നിവർ ചേർന്ന് പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. 2023ലെ ഇന്ത്യയിലെ ഏറ്റവും മികച്ച ചാപ്റ്ററിനും രാജ്യത്തെ മികച്ച ഗോൾഡ് ചാപ്റ്ററുകൾക്കുള്ള പുരസ്കാരത്തിനുമാണ് കൊച്ചി ചാപ്റ്റർ തെരഞ്ഞെടുക്കപ്പെട്ടത്. 2017, 2019, 2022 വർഷങ്ങളിൽ കൊച്ചി ചാപ്റ്റർ ദേശീയ മികച്ച ചാപറ്ററിനുള്ള പുരസ്ക്കാരം കരസ്ഥമാക്കിയിട്ടുണ്ട്.

# മൺസൂൺ സീസണിൽ ടൈഫോയിഡും മറ്റ് പകരുന്ന രോഗ ചികിത്സയുടെ ക്ലെയിമുകളിലും 37 % വർദ്ധനവ്

**മുംബൈ:** ഡിജിറ്റൽ ഇൻഷുറൻസ് കമ്പനിയായ സൂണോ ജനറൽ ഇൻഷുറൻസ് ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മൺസൂൺ സീസണിൽ ടൈഫോയിഡും മറ്റ് പകരുന്ന രോഗ ചികിത്സയുടെ ക്ലെയിമുകളിലും ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ടൈഫോയ്ഡ് കേസുകളിൽ 37% വർധനവാണ് രേഖപ്പെടുത്തിയത്.

ടൈഫോയിഡിന് പുറമേ, ഈ മഴക്കാലത്ത് രേഖപ്പെടുത്തിയ ആദ്യത്തെ അഞ്ച് പകർച്ചവ്യാധികൾ അക്യൂട്ട് ഗ്യാസ്ട്രോഎന്ററൈറ്റിസ് (എജിഇ), വൈറൽ പനി, ഡെങ്കി, ന്യുമോണിയ എന്നിവയാണ്. ഈ അസുഖങ്ങൾ മുൻ വർഷത്തെ അപേക്ഷിച്ച് ആരോഗ്യ ക്ലെയിമുകളിൽ 36% വർധനവുണ്ടാക്കി, വെക്റ്റർ വഴി പകരുന്ന രോഗങ്ങളാണ് വർദ്ധനയുടെ 24%.

രോഗത്തിന്റെ ആഘാതത്തിലെ പ്രാദേശിക ഏറ്റക്കുറച്ചിലുകളും ശ്രദ്ധേയമാണ്. മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങൾ ഈ സാംക്രമിക രോഗങ്ങൾക്കുള്ള ഏറ്റവും കൂടുതൽ ക്ലെയിമുകൾ സാമ്പത്തിക വർഷം 25ൽ റിപ്പോർട്ട് ചെയ്തു,

വൈറൽ രോഗങ്ങളുടെ പ്രതിദിന ക്ലെയിം ചെലവുകൾ മുൻ വർഷത്തേക്കാൾ 2% വർദ്ധിച്ചതോടെ, ഈ അസുഖങ്ങൾ ചികിത്സിക്കുന്നതിനുള്ള ചെലവ് ചലനാത്മകതയിലും നേരിയ മാറ്റം വന്നിട്ടുണ്ട്. ഈ കാലയളവിലെ വൈറൽ അണുബാധകൾക്ക് പതിവായി ആവശ്യമായ വിപുലമായ ചികിത്സ പ്രതിഫലിപ്പിക്കുന്ന ഉയർന്ന ഗ്രേഡ് മരുന്നുകളുടെ ആവശ്യകതയാണ് ഓരോ ക്ലെയിമിന്റെയും വിലയിലെ ഈ വർദ്ധനവിന് കാരണം. അത്തരം രോഗികളുടെ ശരാശരി ദൈർഘ്യം ഏകദേശം 3.5 ദിവസമാണ്, മുൻ വർഷങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, ക്ലെയിം തുകകൾ 9,000 രൂപ മുതൽ പരമാവധി 6.8 ലക്ഷം രൂപ വരെയാണ്.

സൂണോ ജനറൽ ഇൻഷുറൻസ് സ്ട്രാറ്റജി ചീഫ് ടെക്നോളജി ഓഫീസർ നിതിൻ ഡിയോ പറഞ്ഞു, 'ടൈഫോയിഡ് ബാധയിലെ വർദ്ധനവ് മൺസൂണിന്റെ സങ്കീർണ്ണമായ ഇടപെടലിനെ പ്രതിഫലിപ്പിക്കുന്നു. പാൽഘർ, ഡൽഹി, മുംബൈ, അഹമ്മദാബാദ്, ഡൽഹി എൻസിആർ തുടങ്ങിയ നഗരങ്ങളിലാണ് ഇതിന്റെ ആഘാതം കൂടുതലായി അനുഭവപ്പെട്ടത്. പാരിസ്ഥിതിക ഘടകങ്ങൾ ആരോഗ്യ സംരക്ഷണ ഫലങ്ങളെ സ്വാധീനിക്കുന്നത് തുടരുന്നതിനാൽ അണുബാധകളുടെ ഈ വർദ്ധനവ് ശ്രദ്ധയുടെ പ്രാധാന്യം ഊന്നിപ്പറയുന്നു.'

31-45 വയസ് പ്രായമുള്ള മുതിർന്നവർക്കാണ് നീണ്ട ആശുപത്രിവാസം വേണ്ടിവന്നത്. ഈ പ്രായത്തിലുള്ളവരുടെ വർദ്ധിച്ചുവരുന്ന സംവേദനക്ഷമത വിശാലമായ ജനസംഖ്യാപരമായ പ്രവണതകളെ പ്രതിഫലിപ്പിക്കുന്നു.

# ഇൻമെക്ക്'സല്യൂട്ട് കേരള' പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

■ 'ഇൻമെക്ക് ലീഡർഷിപ്പ് സല്യൂട്ട്' പുരസ്കാര ഡോ. പി.മുഹമ്മദ് അലി ഗൾഫാറിന്

■ ഇൻമെക്ക് എക്സലൻസ് സല്യൂട്ട്' പുരസ്കാരം ജോർജ്ജ് ജേക്കബ് മുത്തൂറ്റ്, ഡോ. വിജു ജേക്കബ്, സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, ഗോകുലം ഗോപാലൻ, വി കെ മാത്യൂസ്, ഐബിഎസ് സോഫ്റ്റ്വെയർ, ഡോ. കെ വി ടോളിൻ നടോളിൻസ് ടയേഴ്സ് ലിമിറ്റഡ്, കെ.മുരളീധരൻ, മുരള്യ, എസ് എഫ് സി ഗ്രൂപ്പ്,,വി കെ റസാഖ്, വികെസി ഗ്രൂപ്പ്, ഷീല കൊച്ചൗസേപ്പ്, വി സ്റ്റാർ ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്,പി കെ മായൻ മുഹമ്മദ്, വെസ്റ്റേൺ പ്ലൈവുഡ്സ് ലിമിറ്റഡ്, ഡോ. എ വി അനൂപ്, എ വി എ മെഡിമിക്സ് ഗ്രൂപ്പ് എന്നിവർക്ക്




**കൊച്ചി:** കേരളത്തിൻറെ വ്യവസായ വളർച്ചക്ക് പുതിയ ദിശാബോധം നൽകുന്നതിനായി മികച്ച സംഭാവനകൾ നൽകിയ നമ്മുടെ നാട്ടിലെ സംരംഭകരെ ആദരിക്കുന്നതിനായി ഇൻഡോ ഗൾഫ് ആന്റ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (ഇൻമെക്ക്) ഏർപ്പെടുത്തിയ 'സല്യൂട്ട് കേരള 2024' ബഹുമതികൾ പ്രഖ്യാപിച്ചു. കേരളത്തിൻറെ വ്യാവസായിക ഭൂമികയെ വളർച്ചയുടെ പാതയിലേക്ക് നയിച്ച വ്യവസായ പ്രമുഖരെ അവരുടെ മികവിൻറെ അടിസ്ഥാനത്തിൽ ആദരിക്കുകയാണ് ലക്ഷ്യം. ആജീവനാന്ത സംഭാവനയ്ക്കുള്ള 'ഇൻമെക്ക് ലീഡർഷിപ്പ് സല്യൂട്ട്' പുരസ്കാരത്തിന് പ്രമുഖ സംരംഭകൻ ഡോ. പി.മുഹമ്മദ് അലി ഗൾഫാറിനെ തിരഞ്ഞെടുത്തു. അദ്ദേഹം കേരളത്തിലെ വ്യവസായ വളർച്ചക്ക് നൽകിയ സംഭാവനകൾക്ക് അംഗീകാരമായാണ് പുരസ്കാരം.കേരളത്തിൻറെ വ്യവസായിക ഭൂപടത്തെ രാജ്യാതിർത്തികൾക്ക് പുറത്തേക്ക് നയിക്കുന്നതിനും സംസ്ഥാനത്തെ ഒരു മികച്ച സംരംഭകത്വ സൗഹൃദമാക്കി വളർത്തുന്നതിനുമായ പരിശ്രമിച്ച ജോർജ്ജ് ജേക്കബ് മുത്തൂറ്റ്, മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്,ഡോ. വിജു ജേക്കബ്, സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്,ഗോകുലം ഗോപാലൻ, ഗോകുലം ഗ്രൂപ്പ്,വി കെ മാത്യൂസ്, ഐബിഎസ് സോഫ്റ്റ്വെയർ,ഡോ. കെ വി ടോളിൻ ടോളിൻസ് ടയേഴ്സ് ലിമിറ്റഡ്,കെ.മുരളീധരൻ, മുരള്യ, എസ് എഫ് സി ഗ്രൂപ്പ്,,വി കെ റസാഖ്, വികെസി ഗ്രൂപ്പ്,ഷീല കൊച്ചൗസേപ്പ്, വി സ്റ്റാർ ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്,പി കെ മായൻ മുഹമ്മദ്, വെസ്റ്റേൺ പ്ലൈവുഡ്സ് ലിമിറ്റഡ്,ഡോ. എ വി അനൂപ്, എ വി എ മെഡിമിക്സ് ഗ്രൂപ്പ് എന്നിങ്ങന പത്ത് വ്യവസായികളെ 'ഇൻമെക്ക് എക്സലൻസ് സല്യൂട്ട്' പുരസ്കാരം നൽകി ആദരിക്കും. കേരളത്തിലും മധ്യേഷ്യയിലും വ്യാപാരം, വാണിജ്യം, വ്യവസായം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 2022ൽ സ്ഥാപിതമായ സംഘടനയാണ് ഇൻമെക്ക്. നവംബർ 26ന് കൊച്ചിയിലെ ഹോട്ടൽ താജ് വിവാന്തയിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ നൽകും. സംസ്ഥാന വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. ധനമന്ത്രി കെ എൻ ബാലഗോപാൽ മുഖ്യാതിഥിയാകും. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, സംസ്ഥാന വ്യവസായ വകുപ്പ് സെക്രട്ടറി മുഹമ്മദ് ഹനീഷ് ഐഎഎസ് എന്നിവർ വിശിഷ്ടാതിഥികളായിരിക്കും.. കേരളത്തെ നിക്ഷേപസൗഹൃമാക്കി മാറ്റുന്നതിന് വേണ്ടി തയ്യാറാക്കിയ പുതിയ വ്യവസായിക നയം പ്രിൻസിപ്പൽ സെക്രട്ടറി ചടങ്ങിൽ അവതരിപ്പിക്കും. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ഗൾഫിൽ നിന്നുമുള്ള വിശിഷ്ട അതിഥികളും സംരംഭകരും ചടങ്ങിൻറെ ഭാഗമായി പങ്കെടുക്കുമെന്ന് ഇൻമെക്ക് ഭാരവാഹികൾ അറിയിച്ചു.ഇൻമെക്ക് ചെയർമാൻ ഡോ.എൻ.എം. ഷറഫുദ്ദീൻ, സെക്രട്ടറി ജനറൽ ഡോ.സുരേഷ്കുമാർ മധുസൂദനൻ, ഇൻമെക്ക് കേരള ചാപ്റ്റർ പ്രസിഡൻറ് ഡോ. അഡ്വ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി യൂനുസ് അഹമ്മദ് എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# നിക്ഷേപശീലം വളർത്താനായി ഫിനോ ബാങ്ക് ഗുല്ലക് അക്കൗണ്ട് ആരംഭിക്കുന്നു

**കൊച്ചി:** ഫിനോ പേയ്മെന്റ്സ് ബാങ്ക് കുടുംബങ്ങളിൽ നിക്ഷേപശീലം വളർത്താനായി 'ഗുല്ലക്'എന്ന പേരിൽ അക്കൗണ്ട് ആരംഭിക്കാനൊരുങ്ങുന്നു. ഇതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഡെബിറ്റ് കാർഡിലും പ്രതിമാസ പലിശയിലും രണ്ട് ലക്ഷം രൂപ വരെ ഇൻഷൂറൻസ് പരിരക്ഷ ലഭിക്കും

കേരളത്തിലുടനീളമുള്ള ഫിനോ ബാങ്കിന്റെ 6500 മെർച്ചന്റ് പോയിന്റുകളിൽ ഏതെങ്കിലും ഒന്നിൽ ഗുല്ലക് അക്കൗണ്ട് തുറക്കാം. കുറഞ്ഞത് 1000 രൂപ അക്കൗണ്ട് ബാലൻസ് ഉള്ള ഗുല്ലക് അക്കൗണ്ട് ഉടമകൾക്ക് വാർഷിക പ്ലാൻ നിരക്കുകൾ നൽകേണ്ടതില്ല. ഗുല്ലക് അക്കൗണ്ടിന്റെ ഭാഗമായി ഫിനോപേ മൊബൈൽ ആപ്പ് വഴി മാസത്തിൽ 500 രൂപ വിലമതിക്കുന്ന അഞ്ച് യുപിഐ ഇടപാടുകൾ അല്ലെങ്കിൽ ഫിനോയുടെ പങ്കാളി ബാങ്ക് നൽകുന്ന കുറഞ്ഞത് 5000 രൂപയുടെ ഒരു വർഷത്തെ സ്ഥിര നിക്ഷേപം ബുക്ക് ചെയ്യാനോ സർക്കാർ ക്ഷേമ പദ്ധതി ആനുകൂല്യത്തിന്റെ ക്രെഡിറ്റ് ഉപയോഗപ്പെടുത്താനോ കഴിയുമെന്ന് ബാങ്ക് അറിയിച്ചു.

വായ്പയെടുക്കേണ്ട ആവശ്യം പരമാവധി ഒഴിവാക്കി ഭാവി ചെലവുകൾക്കും അടിയന്തിര ആവശ്യങ്ങൾക്കുമായി നിക്ഷേപം നടത്തുന്നതിൽ ഉപഭോക്താക്കൾ ശ്രദ്ധ ചെലുത്തേണ്ടതുണ്ടെന്ന് ഫിനോ പേയ്മെന്റ്സ് ബാങ്ക് റീജിയണൽ മേധാവി ഹരികൃഷ്ണൻ പറഞ്ഞു. ഈ അക്കൗണ്ടിലെ ഉയർന്ന നിക്ഷേപം ഉപഭോക്താക്കൾക്ക് പ്രതിവർഷം 7.75% വരെ പലിശനിരക്ക് നേടാൻ സഹായിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

# അസോച്ചം സ്റ്റേറ്റ് ഡവലപ്മെന്റ് കൗൺസിൽ യോഗം

**കൊച്ചി:** അസോച്ചം കേരള ഡവലപ്മെന്റ് കൗൺസിലിന്റെ ആദ്യ യോഗം കൊച്ചിയിൽ നടന്നു. സംസ്ഥാന ചെയർമാൻ രാജാ സേതുനാഥിന്റെ അധ്യക്ഷതയിൽ മേഴ്സി ഹോട്ടലിൽ ചേർന്ന യോഗത്തിൽ അസോച്ചം ദക്ഷിണേന്ത്യൻ ഡയറക്ടർ ഉമ എസ്. നായർ, സ്റ്റേറ്റ് കോർഡിനേറ്റർ സുശീൽ കുമാർ എന്നിവർ പങ്കെടുത്തു. സംസ്ഥാന റീജിയണൽ ഭാരവാഹികളായി പുതിയതായി തെരഞ്ഞെടുത്ത ഡോ. ബിജു രമേശ്, ഷിബു പ്രഭാകർ, ഡോ. മനോജ് എന്നിവരെ യോഗത്തിൽ പരിചയപ്പെടുത്തി. കൗൺസിൽ യോഗം ഭാവി പദ്ധതികളെ കുറിച്ച് ചർച്ച നടത്തി.

# മാജിക്ബ്രിക്ക്സ് സൈറ്റ് വിസിറ്റ് ഉൽപ്പന്നം അവതരിപ്പിച്ചു

**ന്യൂഡൽഹി:** മുൻനിര റിയൽ എസ്റ്റേറ്റ് പ്ലാറ്റ്ഫോമായ മാജിക്ബ്രിക്സ്, പ്രോപ്പർട്ടി സൈറ്റ് സന്ദർശനങ്ങൾക്കായി രൂപകൽപ്പന ചെയ്ത സൈറ്റ് വിസിറ്റ് ഉൽപ്പന്നം അവതരിപ്പിച്ചു.

സൈറ്റ് വിസിറ്റ് ഉൽപ്പന്നം, വാങ്ങുന്നവരുടെ പ്രത്യേക ആവശ്യങ്ങൾക്കനുസൃതമായി വിദഗ്ദ്ധ പ്രോജക്റ്റ് ശുപാർശകളിൽ തുടങ്ങി സമഗ്രമായ അനുഭവം പ്രദാനം ചെയ്യുന്നു. ബജറ്റ്, ലൊക്കേഷൻ, കോൺഫിഗറേഷൻ തുടങ്ങിയ ഘടകങ്ങൾ പരിഗണിക്കുന്നതിലൂടെ, വാങ്ങുന്നവരുടെ മുൻഗണനകളുമായി പൊരുത്തപ്പെടുന്ന പ്രോപ്പർട്ടികളുടെ ഒരു ഷോർട്ട്ലിസ്റ്റ് മാജിക്ബ്രിക്ക്സ് ക്യൂറേറ്റ് ചെയ്യുന്നു.

ഒന്നാം ഘട്ടത്തിൽ ഇന്ത്യയിലുടനീളമുള്ള 350 ലധികം പ്രോജക്റ്റുകളിലായി 16,000ലധികം സൈറ്റ് സന്ദർശനങ്ങൾ ഈ പ്രോഗ്രാം സുഗമമാക്കി. ഇതിനകം 1000 ലധികം ബുക്കിംഗുകൾ വിതരണം ചെയ്തു കഴിഞ്ഞു.

മാജിക്ബ്രിക്ക്സ് സിഇഒ സുധീർ പൈ പറഞ്ഞു, 'ഈ സംരംഭം തീരുമാനമെടുക്കൽ ലളിതമാക്കുക മാത്രമല്ല ലോജിസ്റ്റിക് പിന്തുണയും നൽകുന്നു. ചില സന്ദർഭങ്ങളിൽ, വാങ്ങുന്നവർ ഒരു ദിവസത്തിനുള്ളിൽ 45 പ്രോപ്പർട്ടികൾ കണ്ടു, ഇത് തീരുമാനമെടുക്കാനുള്ള സമയം ഏകദേശം 50% കുറയ്ക്കുന്നു.'

# ടേം ഇൻഷൂറൻസിൽ പ്രവാസികൾക്ക് താൽപ്പര്യം വർദ്ധിക്കുന്നു

**കൊച്ചി:** ടേം ഇൻഷൂറൻസിൽ പ്രവാസികൾക്ക് താൽപ്പര്യം വർദ്ധിക്കുന്നതായി പോളിസിബസാറിലെ ടേം ഇൻഷൂറൻസ് തലവൻ ഋഷബ് ഗാർഗ് പറഞ്ഞു. ടേം ഇൻഷൂറൻസ് ഉപഭോക്താക്കളിൽ പകുതിയിലേറെയും പ്രവാസികളാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കോവിഡ്19 മഹാമാരിക്ക് ശേഷമാണ് ടേം ഇൻഷൂറൻസിലേക്കുള്ള പ്രവാസികളുടെ താൽപ്പര്യം വർദ്ധിച്ചത്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ വരവോടെ പ്രവാസികൾക്ക് ഇൻഷൂറൻസ് എടുക്കൽ വളരെ എളുപ്പമായി. ടേം ഇൻഷൂറൻസ് എടുക്കുന്നവരിൽ 61 ശതമാനവും 31നും 40നും ഇടയിൽ പ്രായമുള്ളവരാണെന്നും ഋഷബ് ഗാർഗ് പറഞ്ഞു. പ്രൊഫഷണൽ വളർച്ചയിൽ മുന്നിൽ നിൽക്കുന്ന ഇത്തരക്കാർക്ക് കുടുംബത്തിന്റെ സാമ്പത്തിക ഭാവി ഉറപ്പാക്കേണ്ടതുണ്ടതിനാലാണ് ഇത്തരത്തിലൊരു ട്രെൻഡെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. യുഎസ്, ഗൾഫ് രാജ്യങ്ങൾ, യുകെ, സിംഗപ്പൂർ, ഓസ്ട്രേലിയ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള എൻആർഐകളാണ് കൂടുതലായും ഇൻഷൂറൻസ് എടുത്തിട്ടുള്ളത്.

# എനർജി ടെക്നോളജി മീറ്റിന് തുടക്കം



**ബംഗളൂരു:** വ്യവസായ വിദഗ്ധർ, ഗവേഷകർ, നയരൂപകർത്താക്കൾ, നൂതന വിദഗ്ധർ എന്നിവരെ സംയോജിപ്പിച്ച് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഇന്ത്യൻ ഓയിൽ) സഹആതിഥേയത്വം വഹിക്കുന്ന സെൻ്റർ ഫോർ ഹൈ ടെക്നോളജി (സിഎച്ച്ടി) സംഘടിപ്പിക്കുന്ന എനർജി ടെക്നോളജി മീറ്റ് (ഇടിഎം) 2024 ബെംഗളൂരുവിൽ ആരംഭിച്ചു. 'ഗ്രീൻ എനർജി ഹൊറൈസൺസ്: സുസ്ഥിര ശുദ്ധീകരണവും പെട്രോകെമിക്കൽസും പുരോഗമിക്കുന്നു' എന്ന തീമിൽ 2024 നവംബർ 14 വരെ നടക്കുന്ന ത്രിദിന ഇവന്റ് പെട്രോളിയം, പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ഓയിൽ ചെയർമാനും ഡയറക്ടറുമായ (മാർക്കറ്റിംഗ്) വി സതീഷ് കുമാർ ചടങ്ങിൽ സന്നിഹിതനായിരുന്നു.'നമ്മുടെ രാജ്യത്തിന്റെ ഊർജ്ജ ആവശ്യം 2047 ഓടെ ഇരട്ടിയാകുമെന്നും, അടുത്ത രണ്ട് ദശകങ്ങൾക്കുള്ളിൽ ആവശ്യകതയിൽ 25% വർദ്ധനവ് ഇന്ത്യയിൽ നിന്ന് മാത്രം പ്രതീക്ഷിക്കുന്നുവെന്നും മന്ത്രി ഹർദീപ് സിംഗ് പുരി പറഞ്ഞു.ഊർജ വ്യവസായത്തിന്റെ ഭാവി ശുദ്ധീകരണ പ്രക്രിയകളിലേക്ക് ഹരിത ഊർജ്ജ പരിഹാരങ്ങളെ സമന്വയിപ്പിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നുവെന്ന് ഇന്ത്യൻ ഓയിൽ ചെയർമാനും ഡയറക്ടറുമായ (മാർക്കറ്റിംഗ്) വി സതീഷ് കുമാർ തന്റെ പ്രസംഗത്തിൽ പറഞ്ഞുഅത്യാധുനിക സാങ്കേതിക വിദ്യകളിലൂടെയും റിസോഴ്സ് ഒപ്റ്റിമൈസേഷനിലൂടെയും നമുക്ക് പ്രതിരോധശേഷിയുള്ളതും പാരിസ്ഥിതിക ഉത്തരവാദിത്തമുള്ളതുമായ ഒരു വ്യവസായം കെട്ടിപ്പടുക്കാൻ കഴിയു വി സതീഷ് കുമാർ തന്റെ പ്രസംഗത്തിൽ പറഞ്ഞു.പെട്രോളിയം മന്ത്രാലയത്തിന്റെ ഈ പ്രധാന പരിപാടിയിൽ പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയത്തിന്റെയും പെട്രോളിയം വ്യവസായത്തിന്റെയും ഇന്ത്യാ ഗവൺമെന്റിന്റെയും നിരവധി ഉന്നത കേഡർ നേതാക്കൾ പങ്കെടുത്തു. കൂടാതെ ഹൈഡ്രോകാർബൺ മേഖലയിലെ ഡൊമെയ്ൻ വിദഗ്ധർ, അക്കാദമിക്, ലൈസൻസർമാർ, ഗവേഷണവികസന ശാസ്ത്രജ്ഞർ, മറ്റ് പ്രൊഫഷണലുകൾ എന്നിവരുൾപ്പെടെ ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമുള്ള 1300ലധികം പ്രതിനിധികൾ ഈ 3 ദിവസത്തെ പരിപാടിയിൽ പങ്കെടുക്കുന്നു.

## ഡിവിഷണൽ തല 'തപാൽ അദാലത്ത്'

भारतीय डाक
India Post

**കൊച്ചി:** എറണാകുളം ആർഎംഎസ് ഇകെ' ഡിവിഷന്റെ, 2024 ന്റെ നാലാം പാദത്തിലെ ഡിവിഷണൽ തല തപാൽ അദാലത്ത് ഡിസംബർ 11 ന് രാവിലെ 10 മണിക്ക് എറണാകുളത്തെ ഡിവിഷൻ ഓഫിസിൽ നടക്കും.ആർഎംഎസ് ഇകെ' ഡിവിഷനിലെ തപാൽ സേവനങ്ങളുമായി സംബന്ധിക്കുന്ന ഏതു പരാതിയും രേഖാമൂലം സമർപ്പിക്കുകയോ അദാലത്തിൽ ഉന്നയിക്കുകയോ ചെയ്യാവുന്നതാണ്.പരാതികൾ / നിർദ്ദേശങ്ങൾ "DAK ADALAT" എന്നു രേഖപ്പെടുത്തി rmsdoek.kl@indiapost.gov.in എന്ന ഇമെയിൽ വിലാസത്തിലോ, 'സൂപ്രണ്ട്, ആർഎംഎസ് ഇകെ' ഡിവിഷൻ, കൊച്ചി 682011' എന്ന വിലാസത്തിൽ കവറിനു പുറത്ത് "DAK ADALAT" എന്നു രേഖപ്പെടുത്തിയോ അയയ്ക്കാവുന്നതാണ്. പരാതിക്കാരന്റെ മൊബൈൽ നമ്പരും ഇമെയിൽ വിലാസവും കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.പരാതികൾ ഇമെയിൽ / തപാൽ വിലാസത്തിൽ 2024 നവംബർ 21 നകം ലഭിക്കണം.

# മഞ്ചേരിയിൽ എക്സ്ക്ലൂസീവ് സ്റ്റോർ ആരംഭിച്ച് അസൂസ്



**മഞ്ചേരി:** ഇന്ത്യയിൽ ഉടനീളമുള്ള ബ്രാൻഡിന്റെ റീട്ടെയിൽ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, തായ്‌വാനീസ് ടെക് ഭീമനായ അസൂസ് ഇന്ത്യ മഞ്ചേരിയിൽ എക്സ്ക്ലൂസീവ് സ്റ്റോർ ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. വിവോബുക്ക്, സെൻബുക്ക്, റിപ്പബ്ലിക് ഓഫ് ഗെയിമേഴ്സ് ലാപടോപ്പുകൾ, ഗെയിമിംഗ് ഡെസ്ക്ടോപ്പുകൾ, ഓൾഇൻവൺ ഡെസ്ക്ടോപ്പുകൾ, ആക്സസറികൾ തുടങ്ങിയ അസൂസിന്റെ മുൻനിര ഉൽപ്പന്നങ്ങൾ ഉൾപ്പെടെ വിപുലമായ ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ ഹാർഡ്‌വെയറുകൾ എന്നിവയുടെ വിപുലമായ ശ്രേണിയുമായിട്ടാണ് 540 ചതുരശ്ര അടിയിൽ വ്യാപിച്ചുകിടക്കുന്ന പുതിയ എക്സ്ക്ലൂസീവ് സ്റ്റോർ ആരംഭിക്കുന്നത്. മഞ്ചേരിയിലെ അസൂസിന്റെ ആദ്യത്തെ എക്സ്ക്ലൂസീവ് സ്റ്റോറാണിത്. ഇതോടെ കേരളത്തിലെ എക്സ്ക്ലൂസീവ് സ്റ്റോറുകളുടെ എണ്ണം 17 ആയി ഉയർന്നു.

## നാളികേര വികസന ബോർഡിന്റെ തെങ്ങിൻ തൈകൾ വിൽപനയ്ക്ക്

**കൊച്ചി:** നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ കുറ്റ്യാടി തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലും, സങ്കര ഇനങ്ങൾ 250 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ആവശ്യമുള്ളകർഷകർക്കും, കൃഷി ഓഫീസർമാർക്കും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മുതൽ വൈകീട്ട് 5 മണി വരെ 04852554240 എന്ന നമ്പറിൽ ബന്ധപ്പെടുക.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com